Uncorrected/Not for publication
19-09-2025

**അനൗദ്യോഗികാംഗങ്ങളുടെ കാര്യം**

## 1. റിപ്പോർട്ട് പരിഗണന

### (1) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ടിന്റെ പരിഗണന

ശ്രീ. പ്രമോദ് നാരായൺ: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അധ്യക്ഷനായ ഞാൻ സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ഡോ. സുജിത് വിജയൻപിള്ള: സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

### (2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള ഉപക്ഷേപങ്ങൾ:

(i) 2022-ലെ കേരള പുസ്തക പ്രസാധക-വിതരണവും സംരക്ഷണവും നിയന്ത്രണവും ബിൽ

ശ്രീ. എം. വിജിൻ: സർ, 2022-ലെ കേരള പുസ്തക പ്രസാധക-വിതരണവും സംരക്ഷണവും നിയന്ത്രണവും ബില്ലിന് അവതരണാനുമതി നൽകണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. സുജിത് വിജയൻപിള്ള: സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ, ബഹുമാനപ്പെട്ട അംഗം കൊണ്ടുവന്ന അനൗദ്യോഗിക ബിൽ സംബന്ധിച്ച് വകുപ്പ് പരിശോധിക്കുകയുണ്ടായി. സംസ്ഥാനത്തെ പുസ്തക പ്രസാധക മേഖലയിൽ ആവശ്യമായ നിയന്ത്രണങ്ങൾ കൊണ്ടുവരുന്നതിനാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. എം. വിജിൻ ഈ ബില്ലിന് അവതരണാനുമതി തേടിയിട്ടുള്ളത്. കേരളത്തിന്റെ സാംസ്കാരികതയെ ജീവകാത്മകവും സചേതനവുമായി നിലനിർത്തുന്ന പ്രസാധക രംഗത്തിന് ഉണർവ് നൽകാൻ ഈ നിർദേശങ്ങൾക്ക് സാധിക്കും. പുസ്തക പ്രസാധക രംഗത്ത് വിവിധങ്ങളായ

പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ടെന്നും സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പുസ്തക പ്രസാധക സംഘങ്ങളിൽനിന്നും എഴുത്തുകാർക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുവെന്നും എന്നാൽ സർക്കാരിതര സ്ഥാപനങ്ങൾ എഴുത്തുകാരെയും അവരുടെ സൃഷ്ടികളെയും ചൂഷണം ചെയ്യുകയാണെന്നും ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. പുസ്തക പ്രസാധകരംഗത്ത് പ്രൊഫഷണലിസം നിലനിർത്തുന്നതിനും ചെറുകിട പ്രസാധകരെ പ്രോത്സാഹിപ്പിക്കുന്നതിനും പുസ്തക പ്രസാധക സംഘങ്ങളെയും തൊഴിൽ സാധ്യതയും വ്യവസായ സാധ്യതയും സംരക്ഷിക്കുന്നതിനും അതോടൊപ്പം ആവിഷ്കാര സ്വാതന്ത്ര്യം നിലനിർത്തുന്നതിനുംവേണ്ടിയാണ് ഈ നിയമനിർമ്മാണമെന്നാണ് സൂചിപ്പിക്കുന്നത്. കേരളത്തിൽ പുസ്തക പ്രസാധകരംഗത്തോ പുസ്തക വിപണനരംഗത്തോ എന്തെങ്കിലും നിയന്ത്രണങ്ങൾ കൊണ്ടുവരാൻ സർക്കാർ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. പുസ്തക പ്രസാധനം എന്നത് സ്വതന്ത്രമായി നിലനിർത്താനാണ് സർക്കാർ ആഗ്രഹിക്കുന്നത്. എന്നാൽ സർക്കാർ ഉടമസ്ഥതയിലുള്ള പുസ്തക പ്രസാധക സംഘങ്ങളുടെ നവീകരണത്തിനും അതിലൂടെ പ്രൊഫഷണലിസം കൊണ്ടുവരുന്നതിനും സർക്കാർ

സന്നദ്ധമാണ്. അതിന് ഇത്തരത്തിൽ ഒരു നിയമനിർമ്മാണം ആവശ്യമാണെന്ന് സർക്കാർ കരുതുന്നില്ല. ബഹുമാനപ്പെട്ട അംഗം നോട്ടീസ് നൽകിയ ബിൽ കൂടുതൽ വിശാലമായ കാഴ്ചപ്പാടോടെയും നിയമം, പൊതുഭരണം എന്നീ വകുപ്പുകളുമായുള്ള വിശദമായ പരിശോധനയ്ക്കുശേഷവും തീരുമാനിക്കേണ്ട ഒന്നാണ്.  ആയതിനാൽ ബിൽ ഇപ്പോൾ ഈ രൂപത്തിൽ അംഗീകരിക്കാൻ സാധിക്കുകയില്ലെന്ന് സർക്കാരിനുവേണ്ടി ഇവിടെ വ്യക്തമാക്കുകയാണ്.

ശ്രീ. എം. വിജിൻ: സർ, ലോകത്തുതന്നെ വിപുലമായ പ്രസാധക ശൃംഖല ഇന്ന് മലയാളത്തിലുണ്ട്. ഓരോ ദിവസവും നിരവധി പുസ്തകങ്ങൾ ഇന്ന് പുറത്തിറങ്ങുന്നുമുണ്ട്. സാഹിത്യ വൈജ്ഞാനികമേഖലയിൽ സ്വന്തംനിലയിൽ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നവരുടെ എണ്ണത്തിലും വർധനവുണ്ടായിട്ടുണ്ട്. 1578-ലാണ് കേരളത്തിൽ കൊല്ലത്തുവച്ച് പോർച്ചുഗീസ് ഭാഷയിൽനിന്ന് തമിഴിലേക്ക് തർജമ ചെയ്ത പതിനാറ് പേജുള്ള  'തമ്പിരാൻ വണക്കം' എന്ന പുസ്തകം അച്ചടിക്കുന്നത്. ഈ ചരിത്രം നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. 1678-1703 കാലഘട്ടത്തിൽ ആംസ്റ്റർഡാമിൽവച്ച് 'ഹോർത്തൂസ് മലബാറിക്കൂസ്' എന്ന പുസ്തകം

അച്ചടിച്ചപ്പോൾ ചെടികളുടെ പേരുകൾ മലയാളത്തിലും അച്ചടിച്ചുവെന്നത് നമുക്ക് വളരെ അഭിമാനമുള്ള കാര്യമാണ്. 1772-ൽ റോമിൽവച്ച് അച്ചടിച്ച് പ്രസിദ്ധീകരിക്കപ്പെട്ട കത്തോലിക്ക സഭയുടെ ശാസനകൾ പ്രതിപാദിക്കുന്ന 'സംക്ഷേപ വേദാർത്ഥം' ആയിരുന്നു പൂർണമായും മലയാളത്തിൽ തയ്യാറാക്കിയ ആദ്യ പുസ്തകം. കേരളത്തിൽ ആദ്യത്തെ മലയാളം പ്രിന്റിങ് പ്രസ്സ് ആരംഭിച്ചത് ബെഞ്ചമിൻ ബെയ്‌ലി ആയിരുന്നു. പിന്നീട് ഹെർമൻ ഗുണ്ടർട്ട് മലയാള പ്രസാധക രംഗത്ത് പുതിയ മുന്നേറ്റത്തിന് നേതൃത്വം കൊടുത്ത ചരിത്രവുമുണ്ട്. 1850-നുമുമ്പ് മലയാളത്തിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കപ്പെട്ട പുസ്തകങ്ങളുടെ എണ്ണം 42 ആയിരുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകത്തിൽ പ്രസിദ്ധീകരിക്കപ്പെടുന്ന പുസ്തകങ്ങളുടെ എണ്ണം വർധിക്കുകയും പുതുമുഖ എഴുത്തുകാർ അതുവഴി സാഹിത്യലോകത്തേക്ക് കടന്നുവരികയും ചെയ്തു. ഒ. ചന്തുമേനോനും സി. വി. രാമൻപിള്ളയും നോവൽ സാഹിത്യത്തിലും കുമാരനാശാനും വള്ളത്തോളും ഉള്ളൂരും കവിതയിലും അത്ഭുതങ്ങൾ സൃഷ്ടിക്കുന്ന സാഹചര്യമുണ്ടായി. പുസ്തകങ്ങൾക്ക് അതോടുകൂടി കൂടുതൽ ആവശ്യക്കാർ ഉണ്ടാകുകയും വായനയെന്നത് വലിയനിലയിൽ ജനങ്ങളുടെ ഒരു ലഹരിയായി

മാറിത്തീരുകയും ചെയ്യുന്ന സാഹചര്യവും കേരളത്തിന്റെ ചരിത്രത്തിൽ നാം കണ്ടു. കാരൂർ നീലകണ്ഠപിള്ളയും തകഴി ശിവശങ്കരപ്പിള്ളയും പി. കേശവദേവും പൊൻകുന്നം വർക്കിയും വൈക്കം മുഹമ്മദ് ബഷീറുമെല്ലാം എഴുത്തിൽ സജീവമായതോടുകൂടി വായന കൂടുതൽ ലഹരിയായി മാറുന്ന ഒരു ചരിത്രവും കേരളത്തിന്/മലയാളിക്ക് പങ്കുവയ്ക്കാനുണ്ട്. മലയാളത്തിന്റെ പ്രിയപ്പെട്ട ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ "രമണൻ" എന്ന പുസ്തകം കേരളത്തിലെതന്നെ Best seller ആയിമാറിയതും ആ കാലഘട്ടത്തിലാണ്. കേരളത്തിന്റെ നവോത്ഥാന പോരാട്ടത്തിൽ, ഒരുപക്ഷേ ചങ്ങമ്പുഴയുടെ 'വാഴക്കുല' എന്ന കവിത, അതിന്റെ വരികളിലൂടെ ഞാൻ പോകുന്നില്ല.

"മലയപ്പുലയനാ മാടത്തിൻമുറ്റത്തു

മഴ വന്ന നാളൊരു വാഴ നട്ടു..." തുടങ്ങി കേരളത്തിൽ അടിച്ചമർത്തപ്പെട്ട ജനതയുടെ അവകാശങ്ങൾക്കുവേണ്ടി അദ്ദേഹം നടത്തിയ പോരാട്ടമുണ്ട്.

"ഇതിനൊക്കെ പ്രതികാരം ചെയ്യാതടങ്ങുമോ

പതിതരേ, നിങ്ങൾതൻ പിന്മുറക്കാർ? "

എന്നുപറഞ്ഞുകൊണ്ട് കേരളത്തിന്റെ നവോത്ഥാന പോരാട്ടത്തിന് കരുത്തുപകരുന്ന കവിതകൾ ആ കാലഘട്ടത്തിൽ പിറക്കുകയുണ്ടായി. സമാനമായ നിലയിൽ കുമാരനാശാന്റെ ചണ്ഡാലഭിക്ഷുകിയുണ്ട്. ജാതിവ്യവസ്ഥയ്ക്കെതിരെ വലിയ ചോദ്യങ്ങൾ ഉയർത്തിക്കൊണ്ടാണ് ആ കാലഘട്ടത്തിലെ കവിതകളായാലും കഥകളായാലും നോവലുകളായാലും നാടകങ്ങളായാലും ഏറ്റവും സജീവമായി കേരള സാഹിത്യത്തിൽ പ്രസിദ്ധീകരിക്കപ്പെടുന്ന സാഹചര്യമുണ്ടായത്. ആ കാലഘട്ടത്തിലാണ് നിലനിന്നിരുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ഉയർന്നുവരുന്നത്. അതായത്, ഏതാണ്ട് കുത്തക സ്വഭാവത്തിൽ പ്രവർത്തിച്ചുവരുന്ന ചുരുക്കം പ്രസാധകരിൽനിന്ന് നമ്മുടെ എഴുത്തുകാർ കടുത്ത ചൂഷണങ്ങൾ നേരിടേണ്ടിവരുന്ന ഒരു സാഹചര്യം ഉരുത്തിരിഞ്ഞുവരികയുണ്ടായി. എഴുത്തുകാരിൽനിന്നും പ്രസാധന ചെലവ് വാങ്ങിയും റോയൽറ്റി ഇനത്തിൽ കാര്യമായി ഒന്നും നൽകാതെയും എഴുത്തുകാരെ ചൂഷണം ചെയ്യുന്ന നിലയിലേക്ക് ചില പ്രസാധകർ കേരള ചരിത്രത്തിൽ വരികയുണ്ടായി. ഈ പ്രസാധകർക്കുനേരെ വലിയ പ്രതിഷേധം ഉയർന്നുവന്നു. അതിന്റെ ഭാഗമായാണ് എം. പി. പോൾ അടക്കമുള്ള എഴുത്തുകാരുടെ നേതൃത്വത്തിൽ

കോട്ടയം കേന്ദ്രീകരിച്ച് സാഹിത്യ പ്രവർത്തക സഹകരണ സംഘം ആരംഭിക്കുന്നത്. ഇടക്കാലത്ത് അൽപം പ്രതിസന്ധിയിലായെങ്കിലും ഇന്ന് എസ്.പി.സി.എസ്. (സാഹിത്യ പ്രവർത്തക കോ-ഓപ്പറേറ്റീവ് സൊസൈറ്റി) ഈ രംഗത്തെ കരുത്തുറ്റ മാതൃകയായി നമ്മുടെ മുമ്പിൽ തലയുയർത്തി നിൽക്കുന്നുമുണ്ട്. എന്നാൽ സഹകരണ സ്ഥാപനങ്ങൾക്ക് പുസ്തക പ്രസാധകരംഗത്തെ പ്രിന്റിങ് മേഖലയിലുൾപ്പെടെ പല പരിമിതികളും നിലനിൽക്കുന്നുണ്ടെന്ന യാഥാർഥ്യവും നമ്മുടെ മുമ്പിലുണ്ട്. പുതുമുഖ എഴുത്തുകാരെയാകെ ഉൾക്കൊള്ളാൻ സാധിക്കാത്ത ഒരു സാഹചര്യം ഇന്നുണ്ടെന്നതും തീർച്ചയാണ്. അതുകൊണ്ടുതന്നെ പലരും വൻകിട പ്രസാധകരെ ആശ്രയിക്കുന്നതിനുപകരം ചെറുകിട പ്രസാധകരെ ആശ്രയിക്കേണ്ടി വരുന്നുവെന്നതാണ്. പുതിയ പുസ്തകങ്ങൾ, നോവലുകൾ, കവിതകൾ എന്നിവയൊക്കെയായി ധാരാളം പുതുമുഖ എഴുത്തുകാർ ഇന്ന് കേരളത്തിന്റെ സാഹിത്യമേഖലയിലേക്ക് കടന്നുവരുന്നുണ്ട്. ഈ മേഖലയിലേക്ക് കടന്നുവരുന്നവർ അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ഒരു അനുഭവമെന്നവണ്ണം കേരള സാഹിത്യ അക്കാദമിയുടെ ഗീതാഹിരണ്യൻ പുരസ്കാര ജേതാവുകൂടിയായ ശ്രീ. അഖിൽ കെ. തന്റെ

ആദ്യപുസ്തകമായ "നീലച്ചടയൻ" പ്രസിദ്ധീകരിക്കാൻ അനുഭവിക്കേണ്ടിവന്ന കടുത്ത പ്രയാസങ്ങളെയും അപമാനത്തെയും കുറിച്ച് പറയുകയുണ്ടായി. ശ്രീ. ബെന്യാമിന്റെ 'ആടുജീവിതം' എന്ന പുസ്തകത്തിനുപോലും സമാനമായ സാഹചര്യമുണ്ടായെന്ന് നാം മാധ്യമങ്ങളിലൂടെയും അഭിമുഖങ്ങളിലൂടെയും മനസ്സിലാക്കിയിട്ടുണ്ട്. വൻകിട പ്രസാധകരോട് മത്സരിച്ച് പിടിച്ചുനിൽക്കാൻ കഴിയാതെവരുന്ന ചെറുകിട പ്രസാധകർ നിരവധിയായ പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. സംസ്ഥാനത്തെ പുസ്തക പ്രസാധക മേഖലയിൽ സർക്കാരും സഹകരണ സ്ഥാപനങ്ങളും സ്വകാര്യ സ്ഥാപനങ്ങളും മാധ്യമ സ്ഥാപനങ്ങളും ഇതര സ്ഥാപനങ്ങളും വ്യക്തികളുമൊക്കെ ധാരാളമായി കടന്നുവന്നിട്ടുണ്ട്. എങ്കിലും ഈ മേഖലയിൽ ആവശ്യമായ നിയമങ്ങളോ നിയന്ത്രണങ്ങളോ ഇല്ലാത്തതിന്റെ പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. സർക്കാർ വകുപ്പുകളുടെകീഴിൽ പ്രവർത്തിക്കുന്ന വിവിധ പുസ്തക പ്രസാധക സംഘങ്ങൾക്ക് പലപ്പോഴും സർക്കാർ വകുപ്പുകളെപ്പോലെ സെലക്ട് കമ്മിറ്റിയും പ്രൂഫ് കമ്മിറ്റിയും പുറംചട്ട കമ്മിറ്റിയും വരുന്നതും സർക്കാർ കമ്മിറ്റികളെപ്പോലെ പ്രവർത്തിക്കുന്ന സാഹചര്യവുമുണ്ടെന്നത് ഒരു വിമർശനമായല്ല പറയുന്നത്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, വളരെ കാലികപ്രസക്തമായ ഒരു വിഷയമാണ് അങ്ങിവിടെ അവതരിപ്പിച്ചത്. കേരള നിയമസഭയുടെ നേതൃത്വത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ മുൻകൈയെടുത്ത് നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവം സംഘടിപ്പിച്ചു. അതിൽ എല്ലാ ദിവസവും പങ്കെടുത്ത ഒരു വ്യക്തിയാണ് ഞാൻ. ധാരാളം പുതിയ പ്രസാധകർക്ക് അവരുടെ പുസ്തകങ്ങൾ പ്രദർശിപ്പിക്കാനുള്ള നല്ലൊരു വേദിയായി ഈ അന്താരാഷ്ട്ര പുസ്തകോത്സവം മാറി എന്നതാണ് അതിൽ ഞാൻ കണ്ട ഒരു പ്രത്യേകത. ഇവിടെ മാത്രമല്ല, മാതൃഭൂമിയുടെ നേതൃത്വത്തിലും കോഴിക്കോട് ഉൾപ്പെടെ കേരളത്തിലെ പല സ്ഥലങ്ങളിലും നല്ല നിലയിലുള്ള പുസ്തകോത്സവങ്ങൾ ഇപ്പോൾ നടന്നുവരുന്നുണ്ട്. അത് പുതിയ പ്രസാധകർക്ക് വളരെ ആവേശം നൽകുന്നതാണ്. കഴിഞ്ഞതവണ നിയമസഭയിലെ പുസ്തകോത്സവത്തിന് പരമ്പരാഗതമായ വലിയ സ്റ്റാളുകൾ നിൽക്കുമ്പോൾതന്നെ പുതിയ എഴുത്തുകാരെയും പുതിയ സ്റ്റാളുകളും അന്വേഷിച്ച് ആളുകൾ കടന്നുപോകുന്നത് കാണാനിടയായി. അങ്ങ് പറഞ്ഞ മറ്റൊരു പ്രധാനപ്പെട്ട കാര്യം, കേരളത്തിൽ സാംസ്കാരികകാര്യ വകുപ്പിന്റെ കീഴിൽ ധാരാളം അക്കാദമികളുണ്ട്. ഫോക്ക്‌ലോർ അക്കാദമി, സാഹിത്യ

അക്കാദമി, ബുക്ക്മാർക്ക് ഇവരെല്ലാം ഒരേ ജോലി തന്നെയാണ് ചെയ്യുന്നത്. എഴുത്തച്ഛൻ സർവകലാശാല പുസ്തകം പ്രിന്റ് ചെയ്യും, അതേ കാര്യംതന്നെ ഫോക്ക്ലോർ അക്കാദമിയും മറ്റ് അക്കാദമികളും പ്രസിദ്ധീകരിക്കും. ഞാൻ പലതവണ നിയമസഭയിൽ ഈ വിഷയം സൂചിപ്പിച്ചിട്ടുണ്ട്. ഒന്നുകിൽ ഒരു കേന്ദ്രീകൃത സ്വഭാവം കൊണ്ടുവന്ന് സമാന സ്വഭാവമുള്ള പുസ്തകങ്ങൾ വീണ്ടും വീണ്ടും പ്രിന്റ് ചെയ്യുന്ന രീതി ഒഴിവാക്കണം. ഓരോരുത്തരെ ഏൽപ്പിച്ച കർത്തവ്യങ്ങളിലേക്ക് അവർ പോകണം. ഫോക്ക്ലോർ അക്കാദമി അവരുടെ പുസ്തകങ്ങൾ മാത്രമായി ഇറക്കുക. ഇതിനൊരു കോ-ഓർഡിനേഷൻ ഉണ്ടാകേണ്ടത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. കേരളത്തിൽ ഒരു സാംസ്കാരിക സർവകലാശാല പോലെ, സർവകലാശാല എന്ന വാക്ക് ഞാൻ ഉപയോഗിക്കുന്നില്ല, ഇതിനെ ഒരു കുടക്കീഴിൽ കൊണ്ടുവന്നുകൊണ്ട് പുസ്തക പ്രകാശനരംഗത്ത് നിലനിൽക്കുന്ന ആശങ്കകളോടൊപ്പംതന്നെ ഈ പ്രശ്നങ്ങളും പരിഹരിക്കുക എന്നുള്ളത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണെന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പ്രമോദ് നാരായൺ: സർ, നമ്മുടെ എഴുത്തുകാരെക്കുറിച്ച് പറയുമ്പോൾ കുട്ടികളിലെ എഴുത്തുകാരെക്കുറിച്ച് പലപ്പോഴും ചിന്തിക്കാറില്ല.

കുട്ടിക്കാലത്തുതന്നെ എഴുത്തിനെ അഭിനിവേശമായി കാണുന്ന, പ്രജ്ഞയിൽ എഴുത്തിന്റെ പെരുക്കങ്ങൾ സൂക്ഷിക്കുന്ന കുഞ്ഞുങ്ങൾക്ക് ബാല്യത്തിൽ അവർക്ക് ലഭിക്കുന്ന പ്രേരണ വളരെ പ്രധാനപ്പെട്ടതാണ്. ഒരു ചെടിയിൽ ഒരു പൂവ് വിരിയാനും അതിലെ ദളങ്ങൾക്ക് നിറങ്ങളുണ്ടാകാനും തേൻ നിറയാനും അതിന്റെ വേരുകളെ നനയ്ക്കുന്ന മഴയാണ് അതിന് പ്രേരണ നൽകുന്നതെന്ന് നാം പറയാറുണ്ട്. അത്തരം അഗാധമായ പ്രേരണകൾ കുട്ടികൾക്ക് ബാല്യത്തിൽതന്നെ നൽകണം. കുട്ടികളിലേക്ക് വായനയുടെ ശീലങ്ങൾ നാം പകർന്നുകൊടുക്കണം. എന്നാൽ അവർക്ക് എഴുതാനുള്ള സന്ദർഭങ്ങളും അതിനെ ഊതിത്തെളിയിച്ച് ജ്വാലയാക്കാൻ കഴിയുന്ന സർഗപരമായ സൗന്ദര്യമുള്ള അന്തരീക്ഷവും ഒരുക്കുക എന്നത് പ്രധാനപ്പെട്ടതാണ്. ഇന്നിപ്പോൾ ചരിത്രത്തിലാദ്യമായി പൊതുവിദ്യാഭ്യാസ വകുപ്പ്, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജി (SIET)-യുടെ നേതൃത്വത്തിൽ ആരംഭിച്ച 'അക്ഷരക്കൂട്ട്' എന്ന കുട്ടികളുടെ സാഹിത്യോത്സവം തീർച്ചയായും ശ്രദ്ധേയമായ ഒരു കാൽവയ്പ്പാണ്. കുട്ടികളിൽ വായനാശീലം വളർത്താനായി എന്റെ നിയോജകമണ്ഡലത്തിൽ റാന്നി നോളഡ്ജ് വില്ലേജ് പദ്ധതിയുടെ ഭാഗമായി ഡിജിറ്റൽ ലൈബ്രറി

എന്നൊരു ആശയം  നടപ്പിലാക്കി. കാരണം കുഞ്ഞുങ്ങളുടെ ശീലങ്ങളെല്ലാം അവർ ചിന്തിക്കുന്നതുപോലും ഡിജിറ്റലാകുന്ന ഒരു കാലഘട്ടമാണിത്. 'നെക്സസ്' എന്ന ഏറ്റവും പുതിയ പുസ്തകത്തിൽ അതിനെക്കുറിച്ച് പറയുന്നുണ്ട്.   പുസ്തക പ്രസാധനത്തെക്കുറിച്ച് പറയുമ്പോൾ നമ്മുടെ കുഞ്ഞുങ്ങൾ എഴുതുന്ന പുസ്തകങ്ങൾകൂടി പ്രസാധനം ചെയ്യുന്ന പ്ലാറ്റ്ഫോമുകളെക്കുറിച്ച് ചിന്തിക്കാനും കുട്ടികൾക്കിടയിൽ ഡിജിറ്റൽ പ്ലാറ്റ്ഫോം സൃഷ്ടിക്കാനുമുള്ള ഒരു നെറ്റ്‌വർക്കിങ്ങിനെ സംബന്ധിച്ച് കേരളം ചിന്തിക്കേണ്ടതല്ലേ?

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, വായന കൂടുതൽ ശക്തിപ്പെടുത്തേണ്ടത് വിദ്യാലയങ്ങളിൽനിന്നാണ്.  നമുക്ക് അത്തരം പുതിയ സാധ്യതകൾ വളർന്നുവരികയാണ്. അടുത്തിടെ വായനാ വസന്തം എന്നൊരു പരിപാടി ആരംഭിച്ചു. കുട്ടികൾ ലൈബ്രറിയിൽനിന്നും പുറത്തുനിന്നും എടുക്കുന്ന പുസ്തകങ്ങൾ വായിക്കുകയും വായിക്കുന്ന പുസ്തകങ്ങളുടെ നമ്പറും അവർ എഴുതിയ കുറിപ്പും അനുസരിച്ച് കുട്ടികൾക്ക് മാർക്ക് ഉൾപ്പെടെ നൽകുന്ന രീതിയിലേക്കുള്ള പുതിയ സംവിധാനമാണത്. ഒരു പ്രോത്സാഹനംകൂടി നൽകുമ്പോൾ ഇത്തരം പരിപാടികൾ കൂടുതൽ

ശക്തിപ്പെട്ടുവരുമെന്ന തോന്നൽ അങ്ങേയ്ക്കുണ്ടോ?

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, പുസ്തകപ്രസാധക രംഗത്ത് ചെറുകിട പുസ്തകപ്രസാധകർ കടന്നുവരുന്നത് പുതിയ എഴുത്തുകാർക്കും മറ്റും അനുഗ്രഹമാണെന്ന് ഇവിടെ ചൂണ്ടിക്കാണിച്ചു. പക്ഷേ പ്രധാനപ്പെട്ട ഒരു പ്രശ്നം, എഴുത്തുകാർക്ക് അവരുടെ പുസ്തകങ്ങൾ പ്രയോജനകരമായ നിലയിൽ വിൽപ്പന നടത്തുന്നതിൽ പ്രതിസന്ധിയുണ്ട്. ഇന്ന് എഴുത്തുകാരുടെയും വായനക്കാരുടെയും എണ്ണം കുറയുന്നില്ല. അത് വർധിച്ചുവരികയാണ്. എന്നാൽ പുസ്തകപ്രസാധനരംഗത്ത് ചില കുത്തകകൾ വലിയ എഴുത്തുകാരുടെ മാത്രം പുസ്തകങ്ങൾ സ്വീകരിക്കുമ്പോൾ പുതുമുഖ എഴുത്തുകാർക്ക് ആശ്രയിക്കാൻ കഴിയുന്നത് ചെറുകിട പ്രസാധകസംഘങ്ങളെ മാത്രമാണ്. ചെറുകിട പ്രസാധക സംഘങ്ങൾ അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം അവർക്ക് ഡിസ്ട്രിബ്യൂഷൻ ശൃംഖല ഇല്ലാത്തതുകൊണ്ട് വലിയ വിൽപ്പന നടക്കാതെവരുന്നു എന്നതാണ്. അതുകൊണ്ടുതന്നെ പ്രസാധക സംഘം എഴുത്തുകാരിൽനിന്നും പണം വാങ്ങാൻ നിർബന്ധിതരാകുന്നു. റോയൽറ്റിയോ പ്രതിഫലമോ എഴുത്തുകാർക്ക് ലഭിക്കാത്ത ഒരു അവസ്ഥയുമുണ്ടാകുന്നു. ഇത് റെഗുലേറ്റ്

ചെയ്യാനാവശ്യമായ കാര്യങ്ങൾ ഗൗരവമായി ചിന്തിക്കേണ്ടതല്ലേ?

ശ്രീ. എം. വിജിൻ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ തന്നെയാണ് ഈ ബിൽ ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്. ചെറുകിട പുസ്തകപ്രസാധക രംഗത്ത് ധാരാളം ശ്രദ്ധേയമായ ഇടപെടലുകൾ നടത്താൻ സാധിക്കും. ഈ ബിൽ നിലവിൽവന്നാൽ ചെറുകിട പ്രസാധകരംഗത്തും അതുവഴി പുതുമുഖ എഴുത്തുകാർക്കും ഉണ്ടാകുന്ന പ്രയാസങ്ങളെ മറികടക്കാൻ കഴിയും. അങ്ങ് പറഞ്ഞതുപോലെ, അതിനുവേണ്ടിയുള്ള ഒരു നിയന്ത്രണംകൂടി ഉൾപ്പെടുത്തി ഈ ബിൽ കൊണ്ടുവരണം എന്നുതന്നെയാണ് ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് ഞാനും ആഗ്രഹിക്കുന്നത്. ഡോ. എൻ. ജയരാജ് സർ സൂചിപ്പിച്ചതുപോലെ, കേരള നിയമസഭ സംഘടിപ്പിച്ച അന്താരാഷ്ട്ര പുസ്തകോത്സവം ലോകശ്രദ്ധ നേടി. എല്ലാ വിഭാഗത്തിലുള്ള പുസ്തകപ്രസാധകരെയും അതിൽ പങ്കുചേർത്തിട്ടുണ്ട്. കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ ഭാഗമായി എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിൽനിന്ന് സ്കൂളുകൾക്കും ലൈബ്രറികൾക്കും പുസ്തകങ്ങൾ വാങ്ങിനൽകാൻ ആവശ്യപ്പെട്ടപ്പോൾ എല്ലാ എം.എൽ.എ.-മാരും, ചെറുകിട പുസ്തക പ്രസാധകർക്കും പുതിയ പുസ്തക പ്രസാധകർക്കും

ഉൾപ്പെടെ എല്ലാ പുസ്തകപ്രസാധകർക്കും എഴുത്തുകാർക്കും വലിയ പിന്തുണ നൽകി എന്നതും വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. നമ്മൾ ആഗ്രഹിക്കുന്ന പിന്തുണ തന്നെയാണ് കേരള നിയമസഭയുടെയും ബഹുമാനപ്പെട്ട സ്പീക്കറുടെയും നേതൃത്വത്തിൽ നടന്ന അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ ഭാഗമായുണ്ടാകുന്നത്.

കുട്ടികളുടെ എഴുതാനുള്ള സന്ദർഭങ്ങളെ നാം പ്രോത്സാഹിപ്പിക്കണം. ഇപ്പോൾ കുട്ടികൾ അഭിമുഖീകരിക്കുന്ന ഒരു പ്രധാന പ്രശ്നം കൂടിയാണ് ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്. അവരെല്ലാം ചെറുകിട പുസ്തക പ്രസാധകരെയാണ് സമീപിക്കുന്നത്. പലപ്പോഴും എന്നോടുതന്നെ പലരും പരാതി പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട ഡി. കെ. മുരളി സൂചിപ്പിച്ചതുപോലെ പ്രസാധകർക്ക് എഴുത്തുകാർ അങ്ങോട്ട് പണം നൽകി പുസ്തകം പ്രസിദ്ധീകരിക്കേണ്ടിവരുന്നു. കാരണം ചെറുകിട പ്രസാധകർക്ക് പലതരം പ്രയാസങ്ങളുണ്ട്. അവർക്കുള്ള പ്രോത്സാഹനങ്ങൾ കുറയുന്നു എന്നുള്ളതാണ്. അവർക്കുവേണ്ടി ഒരു പ്ലാറ്റ്ഫോം പ്രത്യേകമായി ഒരുക്കിക്കൊടുക്കണം. പൊതുവിദ്യാഭ്യാസ വകുപ്പ് ഇപ്പോൾ അതിനുവേണ്ടി ശ്രമങ്ങൾ നടത്തുന്നുണ്ട്. അതിന് പ്രത്യേകമായ അഭിനന്ദനങ്ങൾ കൊടുക്കേണ്ടതുണ്ട്. ആ

രീതിയിലുള്ള ചർച്ചകൾക്കൂടി ഉയർത്തിക്കൊണ്ടുവരണം. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ പറഞ്ഞതും ലൈബ്രറികളുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. അതിൽ ഒരു ഭാഗം എനിക്ക് കൂട്ടിച്ചേർക്കാനുള്ളത് രാജ്യത്തെ ലൈബ്രറികളെ മുഴുവൻ കൺകറന്റ് ലിസ്റ്റിലേക്ക് മാറ്റാനുള്ള നീക്കം കേന്ദ്ര സർക്കാർ നടത്തികൊണ്ടിരിക്കുകയാണ്. ഈയൊരു ഘട്ടത്തിലാണ് ഈ ബിൽ ഞാൻ അവതരിപ്പിക്കുന്നത്. കാരണം ലൈബ്രറികളെക്കൂടി തങ്ങളുടെ വരുതിയിൽ കൊണ്ടുവന്ന്, എങ്ങനെയാണോ രാജ്യത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ കാവിവൽക്കരണം എന്ന അജണ്ട കേന്ദ്രം നടത്താൻ തീരുമാനിച്ചത് അതുപോലെ ഇപ്പോൾ ഡൽഹിയിൽ വിവിധ ലൈബ്രറികളുടെ പ്രതിനിധികൾ പങ്കെടുത്ത ഫെസ്റ്റിവൽ ഓഫ് ലൈബ്രറീസ് എന്ന ചടങ്ങിൽ ഈ വിഷയം ചർച്ചയ്ക്കെടുത്ത് അപകടകരമായ ഒരു സാഹചര്യത്തിലേക്ക് കേന്ദ്രം നീങ്ങിക്കൊണ്ടിരിക്കുകയാണ്. പാഠപുസ്തകങ്ങളിൽനിന്ന് ഡാർവിന്റെ പരിണാമസിദ്ധാന്തവും പീരിയോഡിക് ടേബിളും ശാസ്ത്രപുസ്തകങ്ങളിൽനിന്നുപോലും നീക്കം ചെയ്തപോലെ സാഹിത്യരംഗത്തേയ്ക്ക് കടന്നുവന്നുകൊണ്ട് പ്രത്യേകിച്ച് ലൈബ്രറികളിലേക്ക് കടന്നുവന്നുകൊണ്ട് എന്തെല്ലാം അപകടങ്ങളാണ് ഉണ്ടാക്കാൻ പോകുന്നത്

എന്നതും വളരെ ഗൗരവമായി ചർച്ച ചെയ്യേണ്ട ഒരു കാര്യമാണ്. ഇതിൽ ഒരു നിയന്ത്രണമുണ്ടാവുക എന്നത് ഈയൊരു ഘട്ടത്തിൽ വളരെ പ്രധാനപ്പെട്ടതാണ്. കാരണം സാമ്പത്തിക ചൂഷണത്തിന് വിധേയരാകുന്ന എന്ന വസ്തുത, ബഹുമാനപ്പെട്ട അംഗങ്ങളെല്ലാം ഇവിടെ സൂചിപ്പിച്ചതുപോലെ ഈ രംഗത്തേയ്ക്ക് കടന്നുവരുന്നവരുണ്ടാക്കുന്ന എന്നതും വളരെ പ്രധാനപ്പെട്ടതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എം. വിജിൻ, ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നുണ്ടോ?

ശ്രീ. എം. വിജിൻ: സർ, ഈ ബിൽ ചെറുകിട പുസ്തക പ്രസാധക രംഗത്ത് കൂടുതൽ പുതിയ എഴുത്തുകാരെ സൃഷ്ടിക്കാനും സഹായിക്കാനുംവേണ്ടിയാണ്. അതോടൊപ്പം ധാരാളം മാതൃകാപരമായ ഇടപെടൽ നടത്തുന്ന വൻകിട മേഖലയിലെ പുസ്തക പ്രസാധകരെ അഭിനന്ദിക്കുകയും ചെയ്യുന്നു. ചെറുകിട പുസ്തക പ്രസാധകർക്ക് സഹായപ്രദമാകുന്ന രീതിയിൽ നിയമനിർമ്മാണം നടത്തണമെന്നാണ് ഈ ബില്ലിലൂടെ ഞാൻ ആഗ്രഹിക്കുന്നത്. ഞാൻ ഈ ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

(ii) 2025-ലെ തെരുവോര പുനരധിവാസ ബിൽ

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, 2025-ലെ തെരുവോര പുനരധിവാസ ബില്ലിന് അവതരണാനുമതി നൽകണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി സി. കെ. ആശ: സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ബഹുമാന്യനായ അംഗം ഇ. ടി. ടൈസൺ മാസ്റ്റർ ഇവിടെ അവതരിപ്പിച്ച ബിൽ പരിശോധിച്ചു. സംസ്ഥാനത്തെ തെരുവോര കച്ചവടക്കാരെ സംരക്ഷിക്കുന്നതിനായി 2014-ലെ തെരുവുകച്ചവടക്കാരുടെ സംരക്ഷണവും പുനരധിവാസവും സംബന്ധിച്ച കേന്ദ്രനിയമം, 2018-ൽ നിലവിൽ വന്നിട്ടുണ്ട്. 2019-ൽ ഇതുമായി ബന്ധപ്പെട്ട് തെരുവോര കച്ചവടക്കാർക്ക് മാത്രമായി ഒരു പ്രത്യേക സ്കീം രൂപീകരിക്കുകയും ചെയ്തു. ഇത് നഗരസഭകൾക്കുമാത്രമാണ് ബാധകമായിട്ടുള്ളത്. 2021-ൽ നടത്തിയ സർവെ പ്രകാരം 28134 വഴിയോര

കച്ചവടക്കാരെ കണ്ടെത്തുകയും അതിൽ 7260 പേർക്ക് വെൻഡിങ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. വടകര, കൊയിലാണ്ടി, കാസർഗോഡ് എന്നീ നഗരസഭകളിൽ വെൻഡിങ് മാർക്കറ്റുകൾ പൂർത്തിയാക്കിയിട്ടുണ്ട്. കോഴിക്കോട്, തിരുവനന്തപുരം നഗരങ്ങളിൽ വെൻഡിങ് മാർക്കറ്റുകളുടെ നിർമ്മാണം നടന്നുവരുന്നു. 39 നഗരസഭകളിൽ വെൻഡിങ് സോണുകൾ കണ്ടെത്തി കൗൺസിൽ അംഗീകാരവും നൽകിയിട്ടുണ്ട്. പി.എം. സ്വാനിധിയുടെ ഭാഗമായി തെരുവ് കച്ചവടക്കാർക്ക് വായ്പാ അനുവദിച്ചുവരുന്നുണ്ട്. ഇതുവരെയായി 120254 ആളുകൾ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇങ്ങനെ തെരുവോര കച്ചവടക്കാരെ സംരക്ഷിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനുമുള്ള എല്ലാ നടപടികളും നിലവിലുള്ള നിയമത്തിന്റെയും ചട്ടത്തിന്റെയും അടിസ്ഥാനത്തിൽ സ്വീകരിച്ചുവരുന്ന സാഹചര്യത്തിൽ പുതിയൊരു നിയമനിർമ്മാണത്തിനുള്ള സാധ്യതയില്ല. അത്തരമൊരു നിയമനിർമ്മാണത്തിന്റെ ആവശ്യം ഉദിക്കുന്നില്ലെന്നാണ് സർക്കാരിന്റെ നിലപാട് എന്നാണ് വ്യക്തമാക്കാനുള്ളത്.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, ഏത് മേഖലയെടുത്താലും കേരളം മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങൾക്ക് മാതൃകയായിട്ടുള്ള ധാരാളം കാര്യങ്ങൾ

നിർവഹിച്ചതാണെന്ന് ഉറപ്പിച്ചുപറയാൻ കഴിയും. നിയമസഭയുടെ കാര്യത്തിലാണെങ്കിൽ സമ്മേളിക്കുന്ന ദിനംകൊണ്ടും, ഇപ്പോഴാണെങ്കിൽ നിയമനിർമ്മാണത്തിനുവേണ്ടിയുള്ള വലിയ പരിശ്രമങ്ങൾ നടത്തുകയും ചർച്ചകൾക്ക് അവസരം കൊടുക്കുകയുമൊക്കെ ചെയ്തുകൊണ്ട് ശ്രദ്ധേയമായാണ് നമ്മൾ നീങ്ങുന്നത്. ഭരണ-പ്രതിപക്ഷ ഭേദമന്യേ സംവാദങ്ങളും നന്നായി നടക്കുന്നു. ചർച്ചയുടെ ഭാഗമായി നല്ല നിയമനിർമ്മാണത്തിലേക്ക് നമ്മൾ വരുന്നുവെന്നതും ആശാവഹമായ കാര്യമാണ്. മാനവികതയിൽ ഊന്നിയതും ചരിത്രത്തിൽ ഇടംപിടിക്കുന്ന തരത്തിലുമുള്ളതുമായ ധാരാളം നിയമനിർമ്മാണങ്ങൾക്ക് ഈ സഭ സാക്ഷ്യംവഹിച്ചതുമാണ്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി സൂചിപ്പിച്ചപ്പോൾ എനിക്ക് തോന്നിയ കാര്യം, പുറത്തുള്ള ആളുകളെ, അതായത് തെരുവിൽ അലയുന്ന/താമസിക്കുന്ന ആളുകളെ സംബന്ധിച്ചുകൂടിയാണ് ഞാനിത് കൂട്ടിച്ചേർത്തതെന്ന് പറയുകയാണ്. അതാണ് ഈ ബില്ലിലുള്ള വ്യത്യാസം. അങ്ങ് സംസാരിച്ചപ്പോൾ അങ്ങനെയൊരു പ്രത്യേകത എനിക്ക് തോന്നി. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ എന്നും പാർശ്വവൽക്കരിക്കപ്പെട്ട ആളുകളുടെ കൂടെയാണെന്ന് നമുക്ക് പറയാൻ സാധിക്കും. നിരവധി

നിയമനിർമ്മാണങ്ങൾ, അതിൽ ആദ്യത്തെ മന്ത്രിസഭയിലെ ജോസഫ് മുണ്ടശ്ശേരി നടപ്പാക്കിയ സാർവ്വത്രിക വിദ്യാഭ്യാസ അവകാശ നിയമം തുടങ്ങി ലക്ഷം വീട് പദ്ധതി, പത്ത് സെന്റിന്റെ ഭൂമിയുടെ...., ജനകീയാസൂത്രണ പ്രസ്ഥാനം, സാക്ഷരതാ പ്രസ്ഥാനം അങ്ങനെ എത്രയോ കാര്യങ്ങളുണ്ട്. നമ്മുടെ ഗവൺമെന്റിന്റെ കാലത്തുള്ള ലൈഫ് മിഷൻ ഉൾപ്പെടെയുള്ള പദ്ധതികൾ എത്രയോ മാതൃകപരമായ പദ്ധതികളാണ്. ഇപ്പോൾ ഏറ്റവും അവസാനം അതിദരിദ്രരില്ലാത്ത സംസ്ഥാനമായി കേരളം മാറി. ലോകത്തിലെ ഏത് വികസിത സമൂഹത്തോടും ഒരുമിച്ച് നിൽക്കാൻ കഴിയുന്ന ഒരു കേരളമായി ഇതിനെ പരുവപ്പെടുത്തുന്നുവെന്നത് നമുക്കെല്ലാം ഏറെ സന്തോഷം നൽകുന്ന കാര്യമാണ്. ഇവിടെ ഞാൻ ബില്ലിൽ അവതരിപ്പിക്കുന്നത് എണ്ണത്തിൽ കുറവാണെങ്കിലും നമ്മുടെ നാട്ടിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്ന, പേരിനൊരു വീടോ നാടോ ഇല്ലാത്ത, സാമ്പത്തികമായും സാമൂഹികമായും അങ്ങേയറ്റം പിന്നാക്കം നിൽക്കുന്ന ഒരു വിഭാഗം മനുഷ്യരുണ്ട്. അത് റോഡിന്റെ വക്കുകളിലും കടത്തിണ്ണയിലുമൊക്കെ അന്തിയുറങ്ങുന്നവരാണ്. ഈയൊരു പ്രശ്നം ഗൗരവമായി നമ്മുടെ ഉള്ളിൽ വരാൻ കാരണം നാട്ടികയിൽ

അടുത്തുണ്ടായൊരു അപകടമാണ്. ഈ അപകടത്തിൽ അഞ്ച് പേരാണ് ഒരു ലോറി കയറി മരണപ്പെടുന്നത്. റോഡിന്റെ സൈഡിൽ അവർ കടത്തിണ്ണയിൽ അന്തിയുറങ്ങിയവരാണ്. ജീവ, വിശ്വ എന്നുപറയുന്ന ഒന്നും നാലും വയസ്സുമുള്ള കുട്ടികളുൾപ്പെടെ അഞ്ചുപേരാണ് മരണപ്പെടുന്നത് എന്നതാണ് ഏറ്റവും ഹൃദയഭേദകമായ കാര്യം. പകൽ സമയം പലതരം ജോലികൾക്ക് പോകുന്ന അവർ രാത്രിയാകുമ്പോൾ ഇതുപോലെ കടത്തിണ്ണകളിൽ കിടന്നുറങ്ങിയപ്പോഴാണ് അപകടത്തിൽപ്പെട്ടതെന്നാണ് മനസ്സിലാകുന്നത്. അന്നത് മാധ്യമ രംഗത്തെ ആളുകളൊക്കെ വലിയ രീതിയിൽ ചർച്ച ചെയ്തതാണ്. ഇത്തരം ആളുകളെ സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങളുണ്ടാകേണ്ടതല്ലേ എന്ന് പൊതുവായി ചർച്ച ചെയ്തതാണ്. രാവിലെ നാലര അഞ്ച് മണിക്ക് തിരുവനന്തപുരം റെയിൽവേ സ്റ്റേഷനിൽ നമ്മൾ വന്നിറങ്ങുമ്പോൾ എത്രയോ ആളുകളാണ് ഇങ്ങനെ അവിടെ മൂടിപ്പുതച്ച് കിടക്കുന്നതായി കാണുന്നത്. അവർക്കായി ഷെൽട്ടർഹോം സ്ഥാപിക്കുകയോ അല്ലെങ്കിൽ അവരെ സംരക്ഷിക്കാനാവശ്യമായ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കാൻ കഴിയുമെങ്കിൽ നല്ലതാണ്. 'ഋതുക്കൾ മാറുന്നതും ഇലകൾ പൊഴിയുന്നതും മൂടൽമഞ്ഞ് ഉയരുന്നതും ഞാൻ

എങ്ങനെ ശ്രദ്ധിക്കാനാണ് എന്ന് ഏതോ ഒരു കവി പറഞ്ഞതുപോലെ, എന്റെ ഉള്ളിൽ വസന്തവും സ്നേഹവും പ്രണയവുമൊക്കെ ആയി നടക്കുന്ന സമയത്ത് ഇതൊന്നും കാണാൻ കഴിയാത്ത രീതിയിൽ, ഇക്കാര്യങ്ങൾ ഉണ്ടാകുന്നോ എന്നുപോലും ആ കവി പറഞ്ഞതുപോലെ കൂട്ടിച്ചേർത്ത് വായിക്കാൻ കഴിയുന്നതാണ്. നമ്മുടെ രാഷ്ട്രപിതാവിന്റെ സങ്കൽപ്പം ഏറ്റവും പ്രധാനപ്പെട്ടതാണ്. വികസന കാര്യത്തിൽ പറയുമ്പോൾ എപ്പോഴും നമുക്ക് തോന്നുന്നൊരു കാര്യം അതാണ്.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, നമ്മുടെ സംസ്ഥാനം ക്ഷേമ സമൂഹമെന്നുള്ള നിലയിൽ ഏറെ ശ്രദ്ധേയമായ രീതിയിൽ മുന്നോട്ടുവന്ന് ലോകനിലവാരത്തിലേക്ക് എത്തിയ സ്ഥിതിയാണുള്ളത്. അതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് 'അതിദരിദ്രരില്ലാത്ത കേരളം' എന്ന പ്രഖ്യാപനത്തിലേക്ക് എത്തിയിരിക്കുന്നുവെന്നത്. ഈ സന്ദർഭത്തിൽ അക്കാര്യത്തിൽ ഒരു ചെറിയ പോരായ്മയായി കണക്കാക്കാവുന്നൊരു സ്ഥിതിയാണ് തെരുവോരങ്ങളിൽ ഇപ്പോഴും ആളുകൾ അന്തിയുറങ്ങാൻ ഇടവരുന്നുവെന്നുള്ളത്. അതുകൊണ്ടുതന്നെ നാം കൈവരിച്ച നേട്ടത്തിന്റെ പരിപൂർണ്ണതയിലേക്ക് എത്തിക്കാൻ ഇക്കാര്യംകൂടി വളരെ ഗൗരവതരമായി

കാണുകയും പരിഹരിക്കുകയും ചെയ്യേണ്ടതുണ്ട് എന്നുള്ളതിനാൽ ബഹുമാനപ്പെട്ട ഇ. ടി. ടൈസൺ മാസ്റ്റർ ഇവിടെ അവതരിപ്പിച്ച ഈ അനൗദ്യോഗിക ബിൽ ഉയർത്തികൊണ്ടുവരുന്ന പ്രശ്നത്തെ വളരെ ഗൗരവമായി കാണേണ്ടതുണ്ട് എന്നതന്നെയാണ് എന്റെ അഭിപ്രായം. അതുപോലെത്തന്നെ തെരുവോരങ്ങളിലുള്ളവർക്ക് ഷെൽറ്റർ സംവിധാനം തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിലുണ്ടാവുകയും അങ്ങനെയുള്ള ആളുകളെ കണ്ടെത്തി അവിടേയ്ക്ക് മാറ്റുകയും ചെയ്യുന്നൊരു സ്ഥിതി ഗവൺമെന്റ് ഗൗരവതരമായി ചിന്തിക്കേണ്ടതാണ് എന്നുള്ളത് ഈ ബില്ലിന്റെ പശ്ചാത്തലത്തിൽ പ്രസക്തമാണെന്ന് ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്.

<u>ശ്രീമതി ശാന്തകുമാരി കെ.</u>: സർ, ഇത് വളരെ പ്രധാനപ്പെട്ടൊരു വിഷയമാണ്. പ്രത്യേകിച്ച്, ഈ തെരുവോര പ്രദേശങ്ങളിലെ പ്രത്യേകിച്ച് വഴിയോരകച്ചവടക്കാരുടെ dignity, അവരോടുള്ള സമീപനമെല്ലാം ഇന്ന് ചർച്ച വിഷയമാണ്. പലപ്പോഴും ആട്ടിപ്പായിപ്പിക്കുന്നൊരു സമീപനം പൊതുവെ സ്വീകരിക്കുകയാണ്. അതേസമയം മറ്റ് പല രാജ്യങ്ങളിൽ നമ്മൾ പോകുമ്പോൾ അവർക്ക് പ്രത്യേകമായി കച്ചവടം ചെയ്യാനുള്ള സ്പേസ്

സർക്കാരിന്റെ ചുമതലയിൽ നിർവഹിച്ചുപോകുന്നൊരു പൊതുപ്രവണതയുണ്ട്. അതെല്ലാം അവരുടെ തൊഴിലിനോടുള്ള മാന്യത ഉറപ്പുവരുത്തുന്നതിനുവേണ്ടി ഗവൺമെന്റുകൾ/ഭരണകൂടം ചെയ്യുന്നൊരു പ്രവൃത്തിയാണ്. ഇതുപോലെ കേരളത്തിലെ കൂടുതൽ പ്രദേശങ്ങളിലും ഈ തെരുവോര കച്ചവടക്കാർക്ക് യാതൊരു സുരക്ഷയുമില്ലാത്ത രീതിയിലേക്ക് പോകുകയാണ്. പഞ്ചായത്ത് അടിസ്ഥാനത്തിലോ ഏതെങ്കിലും പ്രധാനപ്പെട്ട കേന്ദ്രങ്ങളിലോ കച്ചവടം നടത്താനുള്ള ഒരു സ്പെഷ്യൽ സ്പേസ് നൽകുന്നതിന് ഒരു പൊതുധാരണ ബില്ലിന്റെ ഭാഗമായി വേണ്ടതല്ലേ എന്നാണ് എന്റെ അഭിപ്രായം.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ സൂചിപ്പിച്ച കാര്യങ്ങൾ ഈ ബില്ലിന്റെ ഭാഗമായി കൂട്ടിച്ചേർക്കാൻ കഴിയുമെന്നാണ് എനിക്ക് തോന്നുന്നത്.

<u>ശ്രീമതി ദെലീമ:</u> സർ, അവകാശികളില്ലാതെ ധാരാളം വീടുകൾ കാട് പിടിച്ച് അന്യം നിന്നുപോകുന്ന അവസ്ഥ നമ്മുടെ കൊച്ചുകേരളത്തിലുണ്ട്. വീട്ടുടമ്മ മരിച്ചുപോകുകയും അവകാശികളില്ലാതെ അവരുടെ സ്ഥലങ്ങൾ വൻ കാടുകളായി മാറുകയും കാടുകളുടെ ഉള്ളിൽ ഈ വീടുകൾ അനാഥമായി കിടക്കുകയുമാണ്. ശ്രദ്ധിച്ചുകഴിഞ്ഞാൽ, നമ്മുടെ കൊച്ചുകേരളത്തിൽ

ഇങ്ങനെയുള്ള വീടുകൾ ചുറ്റിനുമുണ്ട്. ഇങ്ങനെയുള്ള വീടുകളെ നമുക്ക് തിരിച്ചുപിടിച്ച് തെരുവിൽ കിടക്കുന്ന ആളുകൾക്ക് താമസസൗകര്യം ഒരുക്കുവാൻ സാധിക്കുമോയെന്നുള്ളത് ആലോചിക്കേണ്ടതാണ്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ബഹുമാനപ്പെട്ട അംഗം വളരെ പ്രധാനപ്പെട്ട പോയിന്റാണ് ഇവിടെ പറഞ്ഞത്. കേരളത്തിന്റെ ഇന്നത്തെ സാമൂഹ്യാവസ്ഥയിൽ പരിഹരിക്കപ്പെടേണ്ട ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ് തലചായ്ക്കാൻ കൂരയില്ലാതെ തെരുവോരങ്ങളിൽ ഒറ്റയ്ക്കും കൂട്ടായും നിരാലംബരായും താമസിക്കുന്ന ആളുകളെ പുനരധിവസിപ്പിക്കുകയെന്നുള്ളത്. നാട്ടിക നിയോജകമണ്ഡലത്തിന്റെയും കയ്പമംഗലം നിയോജകമണ്ഡലത്തിന്റെയും അതിർത്തികളിൽ ഇത്തരം ആളുകൾ താമസിക്കുന്നുണ്ടെന്നത് എനിക്ക് നേരിട്ട് ബോധ്യമുള്ളതാണ്. ഒരു ദിവസം സുപ്രഭാതത്തിൽ അവിടെയുള്ള ആളുകൾ വന്നുപറഞ്ഞത്, ഇവർ വലിയ പ്രശ്നമുണ്ടാക്കുന്നു, ഇവരെ കയ്പമംഗലത്തുനിന്നും അപ്പുറത്തേയ്ക്ക് മാറ്റണമെന്നാണ്. സംരക്ഷിക്കണമെന്നല്ല, ആട്ടിപ്പായിക്കണമെന്നാണ് അവർ പറഞ്ഞത്. ഈ വിഷയം പരിഹരിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനവും ജില്ലാ ഭരണകൂടവും എസ്.സി./എസ്.ടി. വകുപ്പുമായി ബന്ധപ്പെട്ട

ഉദ്യോഗസുഹൃത്തുക്കളെല്ലാവരും വന്നപ്പോൾ അതിനൊരു ധാരണ വന്നു. ഇപ്പോൾ അവർക്ക് ഐ.ഡി. കാർഡും റേഷൻ കാർഡും കൊടുക്കാനും താമസസൗകര്യവും ഒരുക്കാൻ കഴിഞ്ഞു. ഇങ്ങനെ പറഞ്ഞാൽ ഇത്തരം കാര്യങ്ങൾ ചെയ്യുന്ന നിരവധി ആളുകൾ ആ നാട്ടിൽത്തന്നെയുണ്ട്. തെരുവോരങ്ങളിൽ താമസിക്കുന്ന ആളുകൾക്ക് പ്രത്യേകിച്ച്, അവരുടെ കൊച്ചുകുട്ടികൾക്ക് വിദ്യാഭ്യാസം കൊടുക്കാനായി...... ആദ്യം അവരെ കണ്ട് നിങ്ങൾക്ക് എന്താണ് ആവശ്യമെന്ന് ചോദിച്ചപ്പോൾ അവർ പറഞ്ഞ കാര്യം, ഞങ്ങൾ ഇവിടെ താമസിക്കുന്നു, ഞങ്ങൾ ഇവിടത്തുകാരാണെന്നുള്ള രേഖയുണ്ടാക്കി നൽകാൻ സാധിക്കുമോയെന്നാണ്. അവരോട് ചോദിക്കുമ്പോൾ പറയുന്നത്, 58-60 വർഷക്കാലമായി ഇവിടെ താമസിക്കുന്നവരാണെന്നാണ്. അവരുടെ പൂർവികരെക്കുറിച്ചോ തൊട്ടുമുമ്പിലുള്ള ആളുകളെക്കുറിച്ചോ അവർക്ക് ഒന്നുമറിയില്ല. അവരുടെ ഭാഷ സംബന്ധിച്ച് അവർക്ക് പല പ്രശ്നങ്ങളുമുണ്ടാകും. ഇപ്പോഴുള്ള പല ആളുകളും 60 വർഷമായി കേരളത്തിൽ താമസിച്ച് അതുമായി ബന്ധപ്പെട്ട് മുന്നോട്ടുപോകുന്നവരാണ്. അതിനാൽ അവരെ സംരക്ഷിക്കാൻ കഴിയുന്ന തരത്തിൽ, അവർക്ക് മതിയായ സൗകര്യമൊരുക്കാൻ, ഒരു ചെറിയ

കുറയെങ്കിലും..... എത്രയോ വീടുകൾ ആൾതാമസമില്ലാതെ കിടക്കുന്നുണ്ടെന്ന് ഇവിടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിക്കുകയുണ്ടായി. അതുപോലെ, പറഞ്ഞാൽ ഇതെല്ലാം ചെയ്യാൻ കഴിയുന്ന പ്രവാസികളായ എത്രയോ സുഹൃത്തുകളുണ്ട്. ഭൂമിയും മറ്റ് സൗകര്യങ്ങളുമുള്ള ഇഷ്ടംപോലെ ആളുകൾ വേറെയുമുണ്ട്. അവരുടെയൊക്കെ സഹായം തേടിയാൽ നമുക്ക് ഇവരുടെ പ്രശ്നം പരിഹരിക്കാൻ കഴിയുമെന്നാണ് തോന്നുന്നത്. അതിനുവേണ്ടി ഗവൺമെന്റിന്റെ നല്ലൊരു ഇടപെടലുണ്ടാകണം. ഇതിൽ അത്ഭുതം തോന്നിയ മറ്റൊരുകാര്യം, ഇവരെ അവസാനം സംരക്ഷിക്കാൻ കഴിയുന്ന രീതിയിൽ പ്രത്യേക പെർമിഷൻ വാങ്ങി എം.എൽ.എ. ഫണ്ടിൽനിന്ന് 45 ലക്ഷം രൂപ ചെലവഴിക്കാനുള്ള സാങ്ഷൻ ലഭിച്ചു. അതിന്റെഭാഗമായി ടെൻഡർ നടപടികൾ പൂർത്തീകരിച്ച് വീട് നിർമ്മിക്കാൻ ചെന്നപ്പോൾ അഭിമുഖീകരിച്ച പ്രശ്നമെന്തെന്നാൽ, ഇതിനെക്കാൾ കഷ്ടത്തിൽ അവിടെ ജീവിച്ചിരുന്ന മുൻതലമുറ, അവരെ അവിടെ താമസിപ്പിക്കുന്നതിൽ പ്രശ്നമുണ്ടാക്കുകയാണ്. അവിടെ ഭൂമിക്ക് വില കുറയുമെന്നും അവരുടെ കുട്ടികളെ കല്യാണം കഴിപ്പിച്ച് അയയ്ക്കാൻ സാധിക്കില്ലെന്നുമാണ് അവർ പറയുന്നത്. നമുക്ക് ഇത് എങ്ങനെ പരിഹരിക്കാൻ കഴിയും? ഈ

വിഷയത്തിൽ സർക്കാരിന്റെ നല്ല ഇടപെടൽ ഉണ്ടാകണം. തെരുവോരത്ത് താമസിക്കുന്ന, അന്തിയുറങ്ങുന്ന ആളുകളെ പുനരധിവസിപ്പിക്കുന്നതിനുള്ള നിലപാട് സ്വീകരിക്കുന്നത് ഏറ്റവും നന്നായിരിക്കും എന്നാണ് എനിക്ക് ഈ ബിൽ അവതരിപ്പിക്കുന്ന വേളയിൽ പറയാനുള്ളത്. അത്തരം ആളുകളെ ചേർത്തുപിടിക്കൽകൂടിയാകും അതെന്നുകൂടി സൂചിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ്, ചർച്ച തുടരുന്നുണ്ടോ?

ശ്രീ. എ. രാജ: സർ, നമ്മുടെ സംസ്ഥാനത്ത് ദൈനംദിന ജീവിതത്തിന്റെ ഭാഗമായി വിനോദസഞ്ചാരമേഖലയിലടക്കം ഓരോ ദിവസവും വഴിയോര കച്ചവടങ്ങൾ വർധിച്ചുവരികയാണ്. ചില സ്ഥലങ്ങളിലെല്ലാം അവർക്ക് പഞ്ചായത്തുകൾ മുൻകൈയെടുത്ത് സംവിധാനം ഏർപ്പെടുത്തി നൽകുന്നുണ്ട്. അതുപോലുള്ള സംവിധാനം ഇത്തരം ആളുകൾക്ക് ഏർപ്പെടുത്തിക്കൊടുക്കേണ്ടതാണെന്ന വിഷയം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഇതുകൂടി ഈ ബില്ലിൽ ഉൾപ്പെടുത്താൻ കഴിയുമെന്നാണ് തോന്നുന്നത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ ശരിയാണ്. 'ആരോരുമില്ലാത്ത ആരുമുണ്ടാകരുത്' എന്ന്

പറയാൻ കെൽപ്പുള്ള സംസ്ഥാനം കേരളമാണ്. അല്ലെങ്കിൽ 'ആരോരുമില്ലാത്തവർക്ക് ഞങ്ങളുണ്ട്' എന്ന് സ്ഥാപിക്കാൻ കഴിയുന്ന സംസ്ഥാനം കേരളമാണ്. എത്രയോ പുതിയ പദ്ധതികൾക്കും നിയമനിർമ്മാണങ്ങൾക്കും വേദിയായിട്ടുള്ള ഈ നിയമസഭ.., മേൽപ്പറഞ്ഞ കാര്യങ്ങളിലേയ്ക്കുകൂടി പോകാൻ കഴിയുന്ന ഒരു ബിൽ കൊണ്ടുവരണം എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഒരുപക്ഷേ കേരളത്തിലുള്ളതിനെക്കാൾ ആരോരുമില്ലാത്ത ഇരട്ടിയാളുകൾ അയൽസംസ്ഥാനങ്ങളിൽ ഉണ്ടാകും. അവരുടെ ശബ്ദം തീർച്ചയായും നിയമനിർമ്മാണ സഭകളിൽ ഉയർന്ന് വരണം. അങ്ങനെ നിസ്വരരായ, പാർശ്വവൽക്കരിക്കപ്പെട്ട ആളുകളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഈ സഭയിൽ നിയമനിർമ്മാണങ്ങൾക്ക് വഴിയൊരുക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, ബഹുമാനപ്പെട്ട ഇ. ടി. ടൈസൺ മാസ്റ്റർ അവതരിപ്പിച്ച ഈ സ്വകാര്യ ബിൽ സഭ ചർച്ച ചെയ്ത് തീരുമാനം എടുക്കേണ്ടതാണ്. കേരളം വർഷങ്ങൾക്കുമുമ്പുതന്നെ ഇതുപോലെ പ്രയാസങ്ങൾ അനുഭവിക്കുന്ന ആളുകളുടെ പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ടാണ്

മുന്നോട്ടുപോകുന്നത്. അതിന്റെ ഭാഗമായാണ് 'ലക്ഷം വീട് പദ്ധതി ആവിഷ്കരിച്ചത്. തുടർന്ന് ഈ ഗവൺമെന്റ് ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിയും ലൈഫ് മിഷൻ പദ്ധതിയും കൊണ്ടുവന്നു. ഈ വരുന്ന നവംബർ ഒന്നിന് കേരളത്തെ 'അതിദരിദ്രർ ഇല്ലാത്ത കേരളം' എന്ന് പ്രഖ്യാപിക്കാൻ പോകുകയാണ്. ഇതുപോലെ താമസിക്കുന്ന ആളുകൾക്കുപോലും റേഷൻ കാർഡ് കൊടുക്കാൻ നമ്മുടെ സർക്കാർ തയ്യാറായി. അതോടൊപ്പംതന്നെ ഭക്ഷണ കിറ്റ് എത്തിക്കാനുള്ള സംവിധാനങ്ങളും ഒരുക്കി. പുറമ്പോക്ക് ഭൂമികളുടെ രേഖകൾ ശരിയാക്കാൻ കഴിയുന്നുണ്ടെങ്കിൽ അതിന് പട്ടയം കൊടുക്കുന്നതിന് റവന്യൂ വകുപ്പ് തയ്യാറാകും എന്നുകൂടി സൂചിപ്പിച്ചിട്ടുണ്ട്. ഇങ്ങനെയൊരു ബിൽ നമ്മൾ ചർച്ച ചെയ്യുമ്പോൾ, കേരളത്തിലെ വഴിയോര നിവാസികൾ ബുദ്ധിമുട്ടുന്നുവെന്ന ചർച്ചയിലേക്ക് മാത്രം പോകാതെ, കേരളത്തിന്റെ നേട്ടങ്ങൾകൂടി അതിന്റെ ഭാഗമായി വന്നുകൊണ്ട് ഇത്തരം ചില സംഭവങ്ങളുണ്ടെന്ന് രേഖപ്പെടുത്തി പോയില്ലെങ്കിൽ അത് പ്രയാസം സൃഷ്ടിക്കും. ഇത്തരം ചില പ്രശ്നങ്ങൾ നമുക്ക് എങ്ങനെ അഭിമുഖീകരിക്കാൻ കഴിയുമെന്നുകൂടി ആലോചിക്കേണ്ടതുണ്ട്. അവർ താമസിക്കുന്നത് ചിലപ്പോൾ പുഴയോരങ്ങളിലായിരിക്കാം. അവർക്ക്

കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായ പ്രശ്നങ്ങളുണ്ടാകാം. കോഴിക്കോട് നഗരസഭയിൽ റോഡ് സൈഡുകളിലും വഴിയോരങ്ങളിലുമുള്ള വീടുകൾ എല്ലാംതന്നെ മാറ്റി. ലൈഫ് മിഷന്റെ ഭാഗമായുള്ള ഫ്ലാറ്റുകളിലേക്ക് അവരെ മാറ്റാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. അതിലുൾപ്പെടുത്തി ചെയ്യാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അതിലേക്ക് ഉൾപ്പെടുത്തുന്നതിനുള്ള ആലോചനകൂടി നിയമസഭാംഗങ്ങളുടെ ഭാഗത്തുനിന്ന് വരേണ്ടതുണ്ട്. അങ്ങനെ വന്നുകഴിഞ്ഞാൽ ഈ ഫ്ലാറ്റ് സമുച്ചയങ്ങളിലേക്ക് ഇവരെ മാറ്റാൻ കഴിയും, പക്ഷേ അവർ അതിന് തയ്യാറാകുമോ എന്നതുമാത്രമാണ് പ്രശ്നം. ഇത്തരം കാര്യങ്ങൾകൂടി കേരളം നേടിയിട്ടുണ്ട് എന്ന് ബില്ലിന്റെ ഭാഗമായി പറയുന്നത് ശരിയല്ലേ എന്ന് ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ആലോചിട്ടുണ്ടാകും എന്നാണ് ഞാൻ വിചാരിക്കുന്നത്.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, ബഹുമാനപ്പെട്ട അംഗങ്ങളെല്ലാം സൂചിപ്പിച്ചത് ഇതിലേക്ക് കൂട്ടിച്ചേർക്കാവുന്ന കാര്യങ്ങളാണെന്നാണ് എനിക്ക് പറയാനുള്ളത്. നേരത്തെയുള്ള അനുഭവങ്ങളിൽനിന്ന് മനസ്സിലാക്കുന്നത്, ഇവർക്ക് ഒരുപക്ഷേ ആധാർ കാർഡ്, ഐ.ഡി. കാർഡ്, റേഷൻ കാർഡ്, ബാങ്ക് അക്കൗണ്ട്, തൊഴിൽ, വീട് എന്നിവ നൽകിയതിനുശേഷം

അവരുടെ കുട്ടികൾക്ക് മതിയായ വിദ്യാഭ്യാസം കൊടുക്കുക എന്നുള്ളതാണ് ഏറ്റവും പ്രധാനം. ഏറ്റവും സന്തോഷം എന്നുപറയാവുന്നത്, 2022-ൽ ഒരു കുട്ടിയെ ഞങ്ങളുടെ തൊട്ടടുത്ത സ്കൂളിൽ ചേർത്തു. ആ കുട്ടിയോട് ലോക്കൽ ഗാർഡിയന്റെ പേരെഴുതാൻ പറഞ്ഞപ്പോൾ, ഒരു ബുദ്ധിമുട്ടുമില്ല, എന്റെ പേര് എഴുതിക്കൊള്ളാൻ ഞാൻ പറഞ്ഞു. ആ കുട്ടിയാണ് ഇന്ന് ആ സ്കൂളിലെ മൂന്നാം ക്ലാസിലെ ഏറ്റവും മിടുക്കിയായ കുട്ടി. ഇന്നലെകളിൽ എങ്ങനെ കഴിഞ്ഞിരുന്ന കുട്ടിയാണ് ഇന്ന് ഈ നിലയിലെത്തിയത്; ഏറ്റവും പ്രയാസമുള്ള ഒരു തലമുറയിൽനിന്നും മാറി ഏറ്റവും നല്ല മിടുക്കരായിട്ടുള്ള ആളുകളെ സൃഷ്ടിക്കാൻ നമുക്ക് കഴിയും എന്നുള്ള കാര്യത്തിൽ തർക്കമില്ല. അതുകൊണ്ട് ഇവരെ സംരക്ഷിക്കാൻ കഴിയുന്നത് എന്താണോ അതനുസരിച്ച് ബില്ലിൽ..... നേരത്തെ പറഞ്ഞ പല വിഷയങ്ങൾ ഇതുമായി ബന്ധപ്പെട്ടുണ്ട്. പ്രശ്നങ്ങളുണ്ടാകും, എന്നാൽ അതിന്റെ നല്ല വശങ്ങളെതന്നെ എപ്പോഴും പരിഗണിച്ചിട്ടുള്ള നമ്മുടെ സഭയും മന്ത്രിമാരും ബന്ധപ്പെട്ട ലീഡർഷിപ്പും ഇത് പരിഗണിക്കണം. കക്ഷിസങ്കുചിത പരിഗണന ഒന്നുമില്ലാതെ തന്നെ നമുക്ക് പാസ്സാക്കി എടുക്കാൻ കഴിയണം. അതിന്റെ തുടർ ചർച്ചയ്ക്കായി ഇത് മാറ്റിവയ്ക്കണമെന്നാണ് എനിക്ക് അഭ്യർഥിക്കാനുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ തുടർ ചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

(iii) 2021-ലെ കേരള പാരലൽ കോളേജ് അധ്യാപക ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. സി. ആർ. മഹേഷ് സീറ്റിലില്ല.

(ബിൽ അവതരിപ്പിക്കപ്പെട്ടില്ല.)

(iv) 2024-ലെ കേരള സ്ത്രീസൗഹൃദ തൊഴിലിടവൽക്കരണം ബിൽ

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, 2024-ലെ കേരള സ്ത്രീസൗഹൃദ തൊഴിലിടവൽക്കരണം ബില്ലിന് അവതരണാനുമതി നൽകണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, നമ്മുടെ സമൂഹത്തിലെ സ്ത്രീകൾ തൊഴിലെടുക്കുന്ന ഇടങ്ങളിൽ, നാനാമുഖമായ വിവേചനങ്ങളും ചൂഷണങ്ങളും അവമതിപ്പുകളുമെല്ലാം ഏറ്റുവാങ്ങി തന്നെയാണ് സ്ത്രീകൾ അവരുടെ

ഔദ്യോഗികമായ കൃത്യനിർവഹണം നടത്തിപോരുന്നത്. അതുകൊണ്ടുതന്നെ 2024-ലെ കേരള സ്ത്രീസൗഹൃദ തൊഴിലിടവൽക്കരണ ബില്ലുമായി ബന്ധപ്പെട്ട അനൗദ്യോഗിക ബില്ലിൽ നിർദേശിച്ച കാര്യങ്ങൾക്ക് കാലികപ്രസക്തിയുണ്ട്. പക്ഷേ തൊഴിൽ വകുപ്പ് ഉൾപ്പെടെയുള്ള മറ്റ് വകുപ്പുകളുമായി കൂടിയാലോചിച്ച് സങ്കീർണ്ണമായ പ്രശ്നങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട് തയ്യാറാക്കേണ്ടതാണ് ഇതുമായി ബന്ധപ്പെട്ട ബിൽ. പൊതുസമൂഹത്തിൽ കച്ചകെട്ടി നിൽക്കുന്ന പുരുഷാധിപത്യ മൂല്യങ്ങളുമായി ബന്ധപ്പെട്ടവയാണ് തൊഴിലിടങ്ങളിൽ സ്ത്രീകൾ നേരിടുന്ന ബഹുമുഖമായിട്ടുള്ള ചൂഷണങ്ങളും വിവേചനങ്ങളും. ആ പ്രശ്നങ്ങളെ സമഗ്രമായി പരിശോധിച്ചുകൊണ്ട് വിവിധ വകുപ്പുകളുടെ ഏകോപനം സാധ്യമാക്കുന്ന വിധത്തിലുള്ള നിർദേശങ്ങളാണ് ഈ ബില്ലുമായി ബന്ധപ്പെട്ട് ഉണ്ടാകേണ്ടത്. ബഹുമാനപ്പെട്ട അംഗം നിർദേശിച്ചിട്ടുള്ള കാര്യങ്ങളിൽ ഭൂരിഭാഗവും വിശദമായ പരിശോധനയ്ക്ക് വിധേയമാക്കികൊണ്ട് കൃത്യതയാർന്ന നിലയിൽ പുനർനിർവചിക്കേണ്ടതുണ്ട്. സ്ത്രീസൗഹൃദ തൊഴിലിടം സൃഷ്ടിക്കുന്നതിന് തൊഴിൽ വകുപ്പും വനിതാ-ശിശുവികസന വകുപ്പും വിവിധങ്ങളായ

പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്. തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ തടയുന്നതിന് ഇതിനകം 19000 ഇന്റേണൽ കമ്മിറ്റികൾ രൂപീകരിക്കപ്പെട്ടിട്ടുണ്ട്. മെറ്റേണിറ്റി ബെനഫിറ്റ് ആക്റ്റ് വിഭാവനം ചെയ്യുന്ന തൊഴിലിടങ്ങളിൽ ആരംഭിക്കേണ്ടതായ ക്രഷ് സൗകര്യങ്ങൾ ഇതിനകം കേന്ദ്രീകൃത ഓഫീസ് സമുച്ചയങ്ങളിൽ ആരംഭിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട വിഷയങ്ങൾ സ്റ്റാറ്റിസ്റ്റിക്സിന്റെ അടിസ്ഥാനത്തിൽതന്നെ പഠിച്ചുകൊണ്ട് കൃത്യവും മൂർത്തവുമായ നിലയിൽ ബിൽ വിഭാവനം ചെയ്യപ്പെടേണ്ടതുണ്ട് എന്നുള്ളതുകൊണ്ട് ഈ അനൗദ്യോഗിക ബിൽ ഇപ്പോൾ പരിഗണിക്കേണ്ടതില്ല.

ഡോ. എൻ. ജയരാജ്: സർ, ബഹുമാനപ്പെട്ട മന്ത്രി ഈ ബില്ലുമായി ബന്ധപ്പെട്ട് പറഞ്ഞ ആശയങ്ങളോട് വളരെ ആത്മാർഥമായിത്തന്നെ ഞാൻ യോജിക്കുകയാണ്. ഈ ബില്ലിൽ ആവശ്യമായ പഠനങ്ങളും വ്യവസ്ഥകളും വേണമെന്ന അദ്ദേഹത്തിന്റെ നിർദേശം ഏറെ സ്വാഗതാർഹമാണ്. ഈ ബിൽ വളരെ സമഗ്രമായി തയ്യാറാക്കിയ ഒന്നല്ല, സ്വകാര്യ ബില്ലിന്റേതായ പരിമിതികൾ ഇതിനുണ്ട്. സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട് ധാരാളം

നിയമനിർമ്മാണങ്ങളും ഇടപെടലുകളും നടത്തിയിട്ടുള്ള സംസ്ഥാനമാണ് കേരളം. 2022-27 കാലഘട്ടത്തിലെ 14-ാം പഞ്ചവത്സര പദ്ധതിയുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് പ്ലാനിങ് ബോർഡിന്റെ വർക്കിങ് ഗ്രൂപ്പ് തയ്യാറാക്കിയ Women and Employment എന്ന മേഖലയുമായി ബന്ധപ്പെട്ട പഠന റിപ്പോർട്ടിന്റെ ആമുഖത്തിൽ പറയുന്നത് Workforce participation rate, as per the official labour force survey, has been lower in Kerala എന്നാണ്. അതിനകത്ത് നിരവധി നിർദേശങ്ങളും പറയുന്നുണ്ട്. Female Labour Force Participation Rate എന്ന പഠനവുമായി ബന്ധപ്പെട്ട് അവർ കണ്ടെത്തിയത് വനിതകളുടെ തൊഴിൽ സാധ്യതകൾ കുറഞ്ഞുവരുന്നവെന്നതാണ്. International Labour Organisation നടത്തിയ പഠന റിപ്പോർട്ടിൽ 130 രാജ്യങ്ങളിൽ ഇന്ത്യ 121-ാം സ്ഥാനത്തും Global Gender Gap Report-മായി ബന്ധപ്പെട്ട് World Economic Survey നടത്തിയ പഠന റിപ്പോർട്ടിൽ 140 രാജ്യങ്ങളിൽ ഇന്ത്യ 108-ാം സ്ഥാനത്തുമാണെന്നാണ് സൂചിപ്പിക്കുന്നത്. ഇത് ആശങ്കപ്പെടുത്തുന്ന ഒരു കാര്യമാണ്. പൊതുവെ എല്ലാ മേഖലകളിലും സ്ത്രീ സാന്നിധ്യമുണ്ടെന്ന്

പറയുന്നെങ്കിലും അതിനെക്കുറിച്ച് കൂടുതൽ അന്വേഷിക്കുമ്പോൾ അങ്ങനെയല്ലെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഇങ്ങനെ സംഭവിക്കുന്നത് എന്തുകൊണ്ടാണ്? കരിയർ ബ്രേക്ക് വന്ന സ്ത്രീകളുടെ പ്രശ്നവുമായി ബന്ധപ്പെട്ട് കേരളത്തിൽ പഠനം നടത്തിയിരുന്നു. അതിന് പ്രധാന കാരണമായി കണ്ടെത്തിയത് കുറഞ്ഞ വേതനമാണ്. അർബൻ മേഖലയിൽ കുറച്ചുകൂടി സ്ത്രീ സാന്നിധ്യമുണ്ട്. എന്നാൽ റൂറൽ മേഖലയിൽ കുറഞ്ഞ വേതനത്തിന്റെ പ്രശ്നം പല മേഖകളിലും നിലനിൽക്കുന്നുണ്ട്. രണ്ടായിരത്തി ഇരുപത്തിയാറോടുകൂടി കേരളത്തിൽ പ്രായമായവരുടെ എണ്ണത്തിൽ ഗണ്യമായ വർധനവുണ്ടാകുകയാണ്. കുട്ടികളെയും പ്രായമുള്ളവരെയും സംരക്ഷിക്കേണ്ട ചുമതല സ്ത്രീകളിലേക്ക് വരും. തൊഴിൽ ലഭിക്കുന്ന ആളുകൾപോലും അതിൽനിന്നും സ്വയം പിൻമാറേണ്ട സാഹചര്യം ഭാവിയിൽ സംജാതമാകും. കുടുംബവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് ആദ്യ പരിഗണന നൽകുന്നുവെന്നുള്ളതുകൊണ്ട് അവർക്ക് തൊഴിലിൽ തുടരാൻ കഴിയില്ല. അതോടൊപ്പം യാത്രാ സൗകര്യത്തിലുള്ള ബുദ്ധിമുട്ടുകളും കാരണമാകും.

ഐ.ടി. മേഖലയിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള

പഠന റിപ്പോർട്ട് തയ്യാറാക്കാൻ സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച നിയമസഭാ സമിതി തീരുമാനിച്ചതിന്റെ ഭാഗമായി സമിതി ചെയർപേഴ്സൺ ശ്രീമതി യു. പ്രതിഭയും അംഗങ്ങളായ ശ്രീമതി സി. കെ. ആശയും ഞാനും ചേർന്ന് തിരുവനന്തപുരത്തെ ഒരു ഐ.ടി. സെക്ടറിൽ സന്ദർശനം നടത്തിയിരുന്നു. നിരവധി സ്ത്രീ തൊഴിലാളികൾ ജോലി ചെയ്യുന്ന അവിടെ നിന്നും ആകെ നാലു കേസുകൾ മാത്രമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്നാണ് പോലീസ് സ്റ്റേഷനിൽ അന്വേഷിച്ചപ്പോൾ അറിയാൻ കഴിഞ്ഞത്. ആരും പരാതി നൽകാൻ തയ്യാറല്ല. പരാതികൾ ഇല്ലാത്തതുകൊണ്ടല്ല, അവർക്ക് ഭയമാണ്. അവരുടെ തൊഴിലിന് ഇൻ-സെക്യൂരിറ്റിയുണ്ട്. എപ്പോൾ വേണമെങ്കിലും അവരെ പിരിച്ചുവിടാവുന്ന സാഹചര്യമാണുള്ളത്. ഐ.ടി. മേഖലയിൽ നിലനിൽക്കുന്ന ചൂഷണം സംബന്ധിച്ച് വളരെ വിശദമായ റിപ്പോർട്ട് അന്നത്തെ കമ്മിറ്റി നൽകിയിട്ടുണ്ട്.

ശ്രീമതി യു. പ്രതിഭ: സർ, സ്ത്രീകളുടെ ഇത്തരം പ്രശ്നങ്ങൾ ചർച്ച ചെയ്യുമ്പോൾ ഞാനും ഡോ. എൻ. ജയരാജും ഒരേ കമ്മിറ്റിയിലെ അംഗങ്ങളായിരുന്നു. പൊതു സ്ഥാപനങ്ങളായാലും സർക്കാർ, അർധ-

സർക്കാർ, പ്രൈവറ്റ് സ്ഥാപനങ്ങളായാലും Internal Complaint Committee ഉണ്ടായിരിക്കണമെന്ന നിബന്ധനയുണ്ട്. എന്നാൽ ഈ കമ്മിറ്റികളുടെ പ്രവർത്തനത്തെ സംബന്ധിച്ച് വളരെ നിരാശാജനകമായ റിപ്പോർട്ടുകളാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. അങ്ങയുടെ ബില്ലിൽ അതുസംബന്ധിച്ച് പരാമർശിക്കുന്നുണ്ടോ; മറ്റൊരുകാര്യം സൂചിപ്പിക്കാനുള്ളത്, പ്രൈവറ്റ് ബില്ലുകൾ ചർച്ച ചെയ്യുമ്പോൾ എം.എൽ.എ.മാരുടെ സാന്നിധ്യം കുറച്ചുകൂടി നിയമസഭയിൽ ഉറപ്പാക്കേണ്ടതല്ലേ; നിയമസഭാ കമ്മിറ്റികളുടെ ചില സ്പെഷ്യൽ റിപ്പോർട്ടുകൾകൂടി ചർച്ച ചെയ്യാൻ വെള്ളിയാഴ്ച ദിവസം അനുവദിക്കുന്നതിനെക്കുറിച്ചും ആലോചിക്കാൻ ശ്രമിക്കണമെന്ന അഭ്യർഥനകൂടിയുണ്ട്.

മി.ഡെപ്യൂട്ടി സ്പീക്കർ: വെള്ളിയാഴ്ച ദിവസം സ്വകാര്യ ബിൽ അവതരിപ്പിക്കുമ്പോൾ എം.എൽ.എ.-മാർ നിർബന്ധമായും സഭയിലുണ്ടായിരിക്കണം.

ഡോ. എൻ. ജയരാജ്: സർ, ഭഗവത്ഗീതയിൽ ഒരു വാചകമുണ്ട്. "കർമണ്യേവാധികാരസ്തേ മാ ഫലേഷു കദാചന". നീ നിന്റെ കർമ്മം ചെയ്യുക, ഫലം ഇച്ഛിക്കണ്ട എന്നതാണ് അതിന്റെ അർത്ഥം. അതുകൊണ്ട്

ജനപ്രതിനിധി എന്ന നിലയിൽ കർമ്മം ചെയ്യുന്നു. ബാക്കി കാര്യങ്ങൾ അതിന്റെ മുറപോലെ വരട്ടെ എന്നുള്ളതാണ്. വെള്ളിയാഴ്ചകളിൽ വളരെ പ്രധാനപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുമ്പോൾ എം.എൽ.എ.മാരുടെ സാന്നിധ്യം കുറവാണെന്നുള്ളത് സത്യമാണ്.

ശ്രീ. പ്രമോദ് നാരായൺ: സർ, ഐ.ടി. മേഖലകളിലെ സന്ദർശനത്തെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. ഒരു സ്ത്രീയുടെ ഏറ്റവും വലിയ മനുഷ്യാവകാശം മാതൃത്വമാണ്. എല്ലാ അർഥത്തിലും സമ്പൂർണ്ണമായി മാതൃത്വത്തിലെ സ്നേഹം ചുരന്ന് തന്റെ കുഞ്ഞിന് നൽകുകയെന്നാണ്. അതാണ് മനുഷ്യ ജീവിതത്തിലെ ഏറ്റവും വലിയ ആനന്ദവും. ആ സ്നേഹത്തിന്റെ, സുരക്ഷിതത്വത്തിന്റെ വലയത്തിൽ നിൽക്കുന്നത് കുഞ്ഞിന്റെ അവകാശവുമാണ്. കേരളത്തിലെ തൊഴിൽ സുരക്ഷിതത്വത്തിന്റെ മികവിനെക്കുറിച്ച് പറയുമ്പോഴും, അങ്ങ് ഇവിടെ സൂചിപ്പിച്ച ഐ.ടി. ഹബ്ബുകളിലുൾപ്പെടെ ജോലി ചെയ്യുന്ന അമ്മമാർ, അവർ അമ്മമാരായിരിക്കുന്ന ഘട്ടത്തിൽപോലും രാപ്പകൽ ഭേദമില്ലാതെ ജോലി ചെയ്യേണ്ടിവരുന്നു. അവരുടെ കുഞ്ഞുങ്ങളെ പരിപാലിക്കാനാകാതെ, ആ കുഞ്ഞിന്റെ തലച്ചോറും ഒരു മനുഷ്യനെന്ന നിലയിലുള്ള എല്ലാവിധ

അടിസ്ഥാന മൂല്യങ്ങളും രൂപപ്പെടുന്ന ഘട്ടത്തിൽ ആ കരുതൽ നൽകാൻ കഴിയാത്തവണ്ണമുള്ള മാനസിക സമ്മർദ്ദങ്ങളുണ്ടാകുന്നു. ഇത്തരം സ്ഥലങ്ങളിൽ ആവശ്യമായ ഡേ-കെയറുകൾ, ക്രഷുകൾ, മറ്റു സംവിധാനങ്ങൾ ഏർപ്പെടുത്തണമെന്ന നിബന്ധനകൾ പലപ്പോഴും പാലിക്കപ്പെടുന്നില്ല. ഇത്തരത്തിൽ  അമ്മമാർ എന്ന നിലയിലുള്ള സ്ത്രീകളുടെ അവകാശങ്ങൾകൂടി തൊഴിലിടങ്ങളിൽ സംരക്ഷിക്കപ്പെടേണ്ടതിനെക്കുറിച്ച് നാം ചർച്ച ചെയ്യേണ്ടതല്ലേ; ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡോ. എൻ. ജയരാജ്: സർ, അങ്ങ് പറഞ്ഞ ആശയം ഞാൻ ഈ ബില്ലിൽ കൊണ്ടുവന്നിട്ടുണ്ട്. മാതൃത്വ അവധിയിൽ പ്രവേശിക്കുന്നതിന് തൊട്ടുമുമ്പുള്ളതും പിൻപുള്ളതുമായ കാലങ്ങളിൽ അനുയോജ്യമായ രീതിയിലുള്ള ജോലികൾ നൽകുന്നതിന് ഫ്ളെക്സിബിൾ വർക്ക് ഷെഡ്യൂളുകൾക്ക് നിർദേശം നൽകുക എന്ന് ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസവത്തിനുമുമ്പുള്ള ഒരു കാലഘട്ടത്തിൽ അവർക്കുണ്ടാകുന്ന മാനസിക സംഘർഷത്തെ ലഘൂകരിക്കുകയെന്നുള്ളതാണ് ഇതുകൊണ്ട് ഉദ്ദേശിച്ചിരിക്കുന്നത്. അവർക്ക് തൊഴിൽ അന്തരീക്ഷവുമായി പൊരുത്തപ്പെടാൻ സഹായിക്കുന്ന സംവിധാനങ്ങൾ ഏർപ്പെടുത്തുക

എന്നുള്ളതും ഇതിൽ സൂചിപ്പിച്ചിട്ടുണ്ട്. അതുപോലെ Gender budget-ൽ വിഭാവനം ചെയ്യുന്ന പദ്ധതികളെ വിലയിരുത്തുകയും അത് നടക്കുന്നുണ്ടോയെന്നുള്ളതും വളരെ ഗൗരവമായി ചിന്തിക്കേണ്ടതാണ്. നമുക്ക് അത്തരം സംവിധാനങ്ങളുണ്ടെങ്കിലും പലപ്പോഴും കാര്യക്ഷമമായി പ്രവർത്തിക്കാതെ പോകുന്നുവെന്ന പരാതി പൊതുവെയുണ്ട്. അതാണ് ബഹുമാനപ്പെട്ട മന്ത്രിയും ബഹുമാന്യയായ യു. പ്രതിഭ എം.എൽ.എ.-യും സൂചിപ്പിച്ചത്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ' ഷീ ബോക്സ്' എന്നൊരു സംവിധാനം കൊണ്ടുവരണമെന്ന് ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പല കാരണങ്ങൾകൊണ്ട് പലരും പരാതി കൊടുക്കാറില്ല. പരസ്യമായിട്ട് പരാതി നൽകാൽ പലർക്കും ഭയമാണ്. അവർക്ക് രഹസ്യമായിട്ടായാലും പരാതി നൽകുന്നതിന് എല്ലാ ഓഫീസുകളിലും തൊഴിലിടങ്ങളിലും ഈ സംവിധാനം സൃഷ്ടിക്കുക എന്നൊരു നിർദേശം ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. കെ. പി. മോഹനൻ: സർ, തൊഴിലുറപ്പ്, കുടുംബശ്രീ, ഹരിതകർമ്മസേന തുടങ്ങിയ എല്ലാ മേഖലകളിലും ഇന്ന് സ്ത്രീകളുടെ സാന്നിധ്യം കാണാവുന്നതാണ്. നാടിന്റെ സംരക്ഷണം

ഏറ്റെടുത്തുകൊണ്ടാണ് സ്ത്രീകൾ മുന്നോട്ടുപോകുന്നത്. പക്ഷെ അവരുടെ സംരക്ഷണം ഉറപ്പുവരുത്താൻ നമുക്ക് സാധിക്കുന്നില്ല. അവരെ എന്തും ചെയ്യാമെന്ന ധാരണ പലരിലുമുണ്ട്. അവർക്കുവേണ്ടത് ആയോധനകലയാണ്. കളരി അഭ്യാസം പോലുള്ളവ പരിശീലിപ്പിച്ചുകൊണ്ട് കേരളത്തിന്റെ ഉണ്ണിയാർച്ചകളായി അവരെ മാറ്റാൻ സാധിക്കണം.

കോവിഡ് കാലഘട്ടത്തിൽ നമ്മുടെ നാട്ടിൽ സുഭിക്ഷ ഹോട്ടലുകൾ ആരംഭിച്ചിരുന്നു. 30 രൂപയ്ക്കാണ് അവർ ഭക്ഷണം നൽകുന്നത്. 30 രൂപ ലഭിച്ചാൽ അത് ചെലവുകൾക്ക് തികയത്തില്ല. അവർ മറ്റു സ്ഥലങ്ങളിൽനിന്നൊക്കെ സാധനങ്ങൾ ശേഖരിച്ചാണ് പ്രസ്തുത ഹോട്ടലുകൾ നടത്തിവരുന്നത്. ആ സാഹചര്യം മാറ്റിയെടുക്കാനുള്ള സൗകര്യം അവർക്ക് ചെയ്തുകൊടുക്കണം. സ്ത്രീകളുടെ സംരക്ഷണം ഉറപ്പുവരുത്താൻ ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതല്ലേ?

<u>ഡോ. എൻ. ജയരാജ്</u>: സർ, ഈ ബില്ലുകൊണ്ട് ഉദ്ദേശിക്കുന്നതും അതുതന്നെയാണ്. വനിതാ കമ്മിഷൻ നടത്തിയ സർവ്വെയിൽ കണ്ടെത്തിയത് തൊഴിൽമേഖലകളിൽ സ്ത്രീകൾക്ക് പരാതികളുണ്ടെങ്കിലും അവരത് പറയാൻ ഭയപ്പെടുന്നു എന്നാണ്. മാത്രമല്ല, രാത്രി ജോലി

ചെയ്യുന്നവർക്ക് വിശ്രമ മുറിയോ മടക്ക യാത്രയ്ക്കുള്ള സൗകര്യമോ മിക്ക സ്ഥലങ്ങളിലുമുണ്ടാകാറില്ല. പല ഹോസ്പിറ്റലുകളിലും ഡ്യൂട്ടി അവസാനിക്കുന്നത് രാത്രി പന്ത്രണ്ടുമണിക്കാണ്. ആ സമയത്ത് യാത്രാ സൗകര്യങ്ങൾ ലഭ്യമാകാറില്ല. ഇക്കാര്യം പലതവണ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെങ്കിലും അതിന് മാറ്റങ്ങളൊന്നും വന്നിട്ടില്ല. അവരുടെ ഡ്യൂട്ടി ക്രമപ്പെടുത്തുന്നത് അങ്ങനെയാണ്.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, തൊഴിലിടങ്ങളിലെ സ്ത്രീ സുരക്ഷ സംബന്ധിച്ച വളരെ പ്രസക്തമായ വിഷയമാണ് ഇവിടെ ചർച്ച ചെയ്യുന്നത്. അതോടൊപ്പം ചൂണ്ടിക്കാണിക്കാനുള്ളത്, സാമൂഹ്യ മാധ്യമങ്ങളിലൂടെ സ്ത്രീകൾക്കെതിരെ ഇല്ലാത്ത കഥകൾ മെനഞ്ഞ് സ്വഭാവഹത്യ നടത്തുകയും എ.ഐ., മോർഫിങ് തുടങ്ങിയ സാങ്കേതിക സംവിധാനത്തിന്റെ സഹായത്തോടെ സ്ത്രീകളെ വളരെ മോശമായി ചിത്രീകരിക്കുകയും ചെയ്യുന്ന പ്രവണത സമീപകാലത്ത് വർധിച്ചുവരികയാണ്. അതിനെതിരെ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നില്ലെന്നുള്ള ഒരു സ്ഥിതിയുണ്ട്. അത്തരം കാര്യങ്ങൾ ഫലപ്രദമായി തടയുന്നതിനും കുറ്റകൃത്യങ്ങൾ ചെയ്യുന്നവരെ മാതൃകാപരമായി ശിക്ഷിക്കുന്നതിനുമുള്ള

നടപടികൾ സ്വീകരിക്കുക എന്നത് സ്ത്രീ സൗഹൃദമാക്കുന്നതിന്റെ ഭാഗമായി ഉണ്ടാകേണ്ടതല്ലേ എന്നാണ് ഞാൻ ഉന്നയിക്കുന്നത്.

ശ്രീമതി സി. കെ. ആശ: സർ, തൊഴിൽ സംബന്ധമായ വിഷയമാണ് ഇവിടെ ചർച്ച ചെയ്യുന്നത്. തൊഴിൽ നിയമങ്ങൾ റദ്ദാക്കി തൊഴിൽ കോഡുകളാക്കി മാറ്റിയപ്പോൾ പ്രധാനമായും ഒഴിവാക്കപ്പെട്ടത് സ്ത്രീ തൊഴിലാളികളുടെ അവകാശങ്ങൾ സംബന്ധിച്ച കാര്യങ്ങളാണ്. അവർക്ക് പ്രസവാവധി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ കൊടുക്കുന്ന വിഷയങ്ങളിലാണ് കോർപ്പറേറ്റുകൾക്ക് അനുകൂലമായി കേന്ദ്ര മന്ത്രിസഭ മാറ്റം വരുത്തിയിട്ടുള്ളത്. അത്തരം സാഹചര്യത്തിൽ സ്ത്രീ തൊഴിലാളികളുടെ അവകാശങ്ങൾ നിഷേധിക്കുകയും അവർക്ക് തൊഴിലിടങ്ങളിൽ കൂടുതൽ സുരക്ഷിതത്വമില്ലായ്മ അനുഭവപ്പെടുകയും ചെയ്യുന്നു. ബഹുമാനപ്പെട്ട റാന്നി അംഗം സൂചിപ്പിച്ചതുപോലെ സ്ത്രീകളുടെ മാതൃത്വമെന്ന അവകാശം വിനിയോഗിക്കുന്നതിനുള്ള അവസരമല്ലേ അതിലൂടെ നഷ്ടമാകുന്നത്?

ശ്രീ. എം. വിജിൻ: സർ, സ്ത്രീസൗഹൃദ തൊഴിലിടവൽക്കരണവുമായി ബന്ധപ്പെട്ട് മാത്രമല്ല, തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം ഒരു ടീച്ചിങ് മേഖലയാണ്. നേരത്തെ തയ്യൽ പഠിപ്പിക്കുന്ന അധ്യാപികയുടെ പേര്

തുന്നൽ ടീച്ചർ എന്നായിരുന്നു, ഇപ്പോൾ മാറ്റിയിട്ടുണ്ട്. ആ പോസ്റ്റ് നിലനിൽക്കണമെങ്കിൽ 200 പെൺകുട്ടികൾ വേണമെന്നാണ് പറയുന്നത്. തുന്നൽ പഠിക്കേണ്ടത് പെൺകുട്ടികളാണെന്ന ബോധ്യത്തിൽനിന്നാണ് അങ്ങനെയൊരു വ്യവസ്ഥ വച്ചിരിക്കുന്നത്. അതിൽ കാലാനുസൃതമായ മാറ്റം വരണം. പെൺകുട്ടികൾ എന്നതിനുപകരം കുട്ടികൾ എന്ന് മാറ്റം വരുത്താനാവശ്യമായ ഒരിടപെടൽ ഉണ്ടാകണം. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ?

<u>ശ്രീമതി ശാന്തകുമാരി കെ.</u>: സർ, വളരെ കാലിക പ്രസക്തിയെന്നല്ല പറയേണ്ടത്, ചരിത്ര പ്രസക്തിയിലേക്ക് നീങ്ങുന്ന ഒരു ബില്ലായിട്ടാണ് എനിക്കിത് തോന്നിയിട്ടുള്ളത്. ഈ ബില്ലിന്റെ ആമുഖത്തിൽത്തന്നെ സൂചിപ്പിച്ചിരിക്കുന്ന സ്ത്രീകളുടെയിടയിലുള്ള തൊഴിൽ റേറ്റ് കുറഞ്ഞുവരുന്നത് സംബന്ധിച്ചാണ്. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ റാങ്ക് ഹോൾഡേഴ്സിന്റെ എണ്ണത്തിലും പെർഫോമൻസിലും ഏറ്റവും മുന്നിൽ നിൽക്കുന്നത് പെൺകുട്ടികളാണ്. പക്ഷേ, തൊഴിലിടങ്ങളിലേക്ക് വരുന്നതോടുകൂടി പലപ്പോഴും അവർ shrink ചെയ്യപ്പെടുന്നു. ആ ഒരു പ്രശ്നം സംബന്ധിച്ച് വളരെ ഗൗരവമായിത്തന്നെ പഠനം നടത്തേണ്ടതായിട്ടുണ്ട്. തൊഴിൽ ഒരു

ഐഡന്റിറ്റിയാണെന്ന നിലയിൽ  സ്ത്രീ സൗഹൃദ, സുരക്ഷിത പ്രചാരണം പ്രചണ്ഡമായിത്തന്നെ ഏറ്റെടുക്കേണ്ടതുണ്ട്. മറ്റൊന്ന്, കോൺട്രാക്റ്റ് ലേബർമാരെ സംബന്ധിച്ചാണ്. എല്ലാ മേഖലകളിലും സ്ത്രീ തൊഴിലാളികളുണ്ട്. പ്രൈവറ്റ് ജോബ് സെക്ടറിൽ കോൺട്രാക്റ്റ് ലേബർമാർ കൂടുതലായി വരുകയാണ്. ഈ മേഖലയിൽ  തൊഴിൽ ചെയ്യുന്ന ആളുകൾക്ക് ഒരു സുരക്ഷിതത്വവുമില്ല, അരക്ഷിതാവസ്ഥയിലാണ്. അവരുടെ വിദ്യാഭ്യാസം, സ്കിൽ അപ്ഗ്രഡേഷൻ, മെന്റൽ ഹെൽത്തുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇവയെല്ലാംതന്നെ ബില്ലിന്റെ ഭാഗമായി അഡ്രസ്സ് ചെയ്യപ്പെടേണ്ടതല്ലേ എന്നാണ് എന്റെ ചോദ്യം.

ഡോ. എൻ. ജയരാജ്: സർ, മൂന്ന് ബഹുമാന്യരായ ജനപ്രതിനിധികളും ഇവിടെ സൂചിപ്പിച്ച നിർദേശങ്ങൾ കാലിക പ്രസക്തമാണ്. നേരത്തെ പറഞ്ഞ വിഷയം തന്നെയാണ് ഞാൻ പറഞ്ഞു വരുന്നത്. ഉദാഹരണത്തിന്, ബാങ്കുകളിൽ ജോലി ചെയ്യുന്ന ക്ലീനിങ് സ്റ്റാഫുകൾക്ക് കൃത്യമായ വേതനമില്ല. ബാങ്കുകൾ ഇഷ്ടമുള്ളതുപോലെയാണ് വേതനം നൽകുന്നത്. കൂടാതെ അവർക്ക് കൃത്യമായ ജോലിസമയമില്ല. കോർപ്പറേറ്റ് മേഖലയെക്കുറിച്ച് സൂചിപ്പിച്ചുകൊണ്ടാണ് പറയുന്നത്. ബാങ്കിങ് മേഖല ഒരുതരത്തിൽ

കോർപ്പറേറ്റ് സ്വഭാവമുള്ളതാണ്. ഏജൻസികളാണ് പലപ്പോഴും ഇത്തരേ മേഖലകളിലേക്ക് തൊഴിലാളികളെ സപ്ലൈ ചെയ്യുന്നത്. അതുകൊണ്ടുതന്നെ അവരുടെ Whims and Fancies അനുസരിച്ച് ഇവരെ മാറ്റിക്കൊണ്ടിരിക്കുകയും വേതനം നിശ്ചയിക്കുകയും അതിന്റെ കമ്മീഷൻ അവർ കൊണ്ടുപോവുകയും ചെയ്യുന്ന ഒരു സാഹചര്യം തീർച്ചയായിട്ടുമുണ്ട്. ബഹുമാനപ്പെട്ട സി. കെ. ആശ സൂചിപ്പിച്ചതുപോലെ പ്രസവാവധി ഉൾപ്പെടെയുള്ള കാര്യങ്ങളൊന്നും ഇവർക്ക് ബാധകമല്ല. അവർ ജോലിയിൽനിന്നും പോയാൽ ജോലി തിരികെ കിട്ടാനുള്ള സാഹചര്യം ഇല്ലായെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം.

ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ കുളത്തുങ്കൽ സൂചിപ്പിച്ച കാര്യവും വളരെ പ്രധാനപ്പെട്ട ഒന്നാണ്. ഈ നിയമത്തിന്റെ ഭാഗമല്ലെങ്കിൽക്കൂടി സ്ത്രീകൾ സോഷ്യൽ മീഡിയവഴി യാതൊരു നിയന്ത്രണവുമില്ലാതെ ആക്രമിക്കപ്പെടുന്നുവെന്നുള്ളത് പരിഷ്കൃത സമൂഹത്തിൽ വളരെ ദുഃഖകരമായ കാര്യമാണ്. പണ്ടൊക്കെ ഒരു പ്രശ്നത്തെ അടിസ്ഥാനമാക്കിയായിരുന്ന ആക്രമണത്തിന്റെയോ വിമർശനത്തിന്റെയോ സ്വഭാവമെങ്കിൽ വിമർശനത്തിന്റെ സർഗാത്മകത നഷ്ടപ്പെട്ട വർത്തമാന കാലത്തിലാണ്

നമ്മളൊക്കെ ജീവിക്കുന്നത് എന്നുള്ളത് വളരെ ദുഃഖകരമായ അവസ്ഥയാണ്. പൊതുപ്രവർത്തകരുൾപ്പെടെ പലപ്പോഴും അതിന്റെ ഇരകളായി മാറുന്നുവെന്നുള്ള യാഥാർത്ഥ്യം തീർച്ചയായിട്ടുമുണ്ട്. ബഹുമാനപ്പെട്ട എം. വിജിൻ സൂചിപ്പിച്ച ഒരു കാര്യം ക്രാഫ്റ്റ് സംബന്ധിച്ചാണ്. പണ്ടുകാലത്ത് കേരളത്തിലെ സ്കൂളുകളിൽ കലയ്ക്കും കവിതയ്ക്കും ക്രാഫ്റ്റിനും ഡ്രോയിങ്ങിനുമൊക്കെ മാറ്റി വച്ച സമയമുണ്ടായിരുന്നു. പിന്നീട് നമ്മുടെ കരിക്കുലത്തിൽനിന്ന് അതെടുത്തുമാറ്റി പഠനം മാത്രമാക്കി മാറ്റിയതിന്റെ ദുരന്തഫലമാണ് നമ്മളൊക്കെ ഇപ്പോൾ അനുഭവിക്കുന്നത്. അദ്ദേഹം പറഞ്ഞതുപേലെ ഏതെങ്കിലും രൂപത്തിൽ കലാ-കായിക-സാംസ്കാരിക പ്രവർത്തനങ്ങളെ കലാലയങ്ങളിൽ കൊണ്ടുവരേണ്ടതാണ്. പഠനത്തോടൊപ്പം സാംസ്കാരിക പ്രവർത്തനം കൂടി മടക്കിക്കൊണ്ടുവരാൻ കഴിയുന്ന ഒരിടപെടൽ ഈ രംഗത്തുണ്ടാകണമെന്നുള്ള അദ്ദേഹത്തിന്റെ നിർദേശം വളരെ സ്വാഗതാർഹമാണ്.

പ്രധാനപ്പെട്ട ഒരു കാര്യം കൂടി ഞാൻ സൂചിപ്പിക്കുകയാണ്. പ്ലാനിങ് ബോർഡ് നടത്തിയ പഠനത്തിൽ സൂചിപ്പിച്ച കാര്യം ഞാൻ വായിക്കാം. “ These include social restrictions, unfavourable social and familial

norms, stigma around entry into wage labour market, and various forms of discrimination against women at the workplace. These factors may have played a role in reducing female labour participation in Kerala.” . ഇത് പ്ലാനിങ് ബോർഡിന്റെ റിപ്പോർട്ടിന്റെ ഒരു ഭാഗമായി വച്ചിരിക്കുകയാണ്. ഈ റിപ്പോർട്ടിന്റെകൂടി അടിസ്ഥാനത്തിലാണ് ഈ ബില്ലിൽ ചില വ്യവസ്ഥകൾ കൊണ്ടുവന്നിട്ടുള്ളത്. ഇതിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യം ഒരു സമിതി രൂപീകരിക്കുക എന്നതാണ്. കാലാകാലങ്ങളിൽ ഈ മേഖല  അഡ്രസ്സ് ചെയ്യുന്ന പ്രധാനപ്പെട്ട പ്രശ്നങ്ങളെ സമിതി ഗവൺമെന്റിലേക്ക് എത്തിക്കുകയും ചെയ്യുകയെന്നുള്ളതാണ്. ഇപ്പോൾത്തന്നെ ഈ കാര്യത്തിൽ കൃത്യമായ ഒരു പഠനം പലരീതിയിൽ നടക്കുന്നുണ്ട്. വനിതാ കമ്മീഷന്റെയും സി.ഡി.എസ്.-ന്റെയും പ്ലാനിങ് ബോർഡിന്റെയും നേതൃത്വത്തിൽ  പഠനങ്ങൾ നടത്തിയിട്ടുണ്ട്. പക്ഷേ, ഇതിനെ ക്രോഡീകരിച്ച് ഗവൺമെന്റിലേക്ക് എത്തിക്കാനും ഇതിനനുസൃതമായ നിയമനിർമ്മാണം നടത്താനും കഴിയുക എന്നതുമാത്രമാണ് ഈ സ്വകാര്യ ബില്ലിന്റെ ഉദ്ദേശ്യം. ഏറ്റവും പ്രധാനപ്പെട്ടത്, കുടുംബം എന്നത് ഒരു കൂട്ടുത്തരവാദിത്വമാണെന്നുള്ള

കൺസെപ്റ്റിൽനിന്ന് നമ്മൾ പുറകോട്ട് പോവുകയാണ് എന്നതാണ്. കുടുംബസംരക്ഷണത്തിന്റെ ഒരു ഭാഗത്ത് പലപ്പോഴും പുരുഷാധിപത്യം പല രീതിയിലും ഇപ്പോഴും നിലനിൽക്കുന്ന ഒരു സാമൂഹ്യ വ്യവസ്ഥിതി നമ്മുടെ ഇടയിലുണ്ട്. Age population വർധിച്ചുവരികയാണ്. സ്ത്രീകൾ തൊഴിലിൽനിന്ന് മാറേണ്ടിവരുന്നതിന്റെ കാരണം കുടുംബത്തെയും കുട്ടികളെയും സംരക്ഷിക്കേണ്ട ബാധ്യത അവരുടെ ഭാഗത്തിലേക്ക് മാത്രമായി മാറുന്നതുകൊണ്ടാണ്. നല്ല ജോലിയുള്ള പല ആളുകളും കുട്ടികളുടെ പഠനത്തിനുവേണ്ടി ജോലി വേണ്ടെന്നുവെച്ച് വി.ആർ.എസ്. എടുക്കുന്നതായി നമുക്കറിയാം. റീ-സ്കില്ലിങ് എന്നൊരു സംഭവമുണ്ട്. ഒരു ജോലിയിൽനിന്ന് കുറേക്കാലം മാറിനിന്നാൽ തിരികെ ജോലിക്ക് പോകാൻ കഴിയില്ല. അതിന് കാരണം അവർ കുറേ കാലത്തേക്ക് എക്സ്പീരിയൻസിൽനിന്ന് മാറിയതുകൊണ്ടാണ്. റീ-സ്കില്ലിങ് എന്നത് വളരെ പ്രധാനപ്പെട്ട വിഷയമാണ്. അവർക്ക് വീണ്ടും തൊഴിലിലേക്ക് മടങ്ങിവരാൻ കഴിയുന്ന രീതിയിലേക്ക് ഒരു മാറ്റം ഉണ്ടാകുകയെന്നുള്ളതും വളരെ ഗൗരവമുള്ളതാണ്. നേരത്തെ നടത്തിയ പഠനങ്ങളിൽ ഇക്കാര്യങ്ങൾ സൂചിപ്പിച്ചിട്ടുള്ള കാര്യമാണ്.

ശ്രീ. യു. ആർ. പ്രദീപ്: സർ, നമ്മുടെ സംസ്ഥാനത്ത് സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തത്തിൽ വലിയ വർധനവുണ്ടായിട്ടുണ്ടെന്ന് അടുത്തകാലത്ത് ഒരു റിപ്പോർട്ടിൽ കണ്ടു. എന്റെ നിയോജകമണ്ഡലം കുത്താമ്പുള്ളി പോലുള്ള ടെക്സ്റ്റൈൽസുകൾ ധാരാളമുള്ള ഒരു പ്രദേശമാണ്. പല സ്ഥലങ്ങളിലും ഈ ഓണക്കാലത്തുപോലും കണ്ട അവസ്ഥയെന്തെന്നാൽ, സ്ത്രീകൾ പണിയെടുക്കുന്ന സ്ഥലത്ത് അവരെ പരമാവധി അവരെ ഉപയോഗപ്പെടുത്തുകയെന്നതാണ്. ചില സ്ത്രീകൾ മുകളിൽ നിന്ന് താഴേക്ക് ലോഡ് എടുത്ത് കൊടുക്കാൻ രാവിലെ മുതൽ വൈകുന്നേരംവരെ അവിടെത്തന്നെ നിൽക്കുന്നത് കാണാറുണ്ട്. അവർക്ക് കുടിക്കാനുള്ള വെള്ളമോ, സമയത്തിന് ഭക്ഷണമോ കിട്ടാത്ത അവസ്ഥയും നിലനിൽക്കുന്നുണ്ട്. നമ്മുടെ നാട്ടിൽ ഇത്തരം സ്ക്വാഡുകൾ ഫലപ്രദമായി പ്രവർത്തിക്കേണ്ടതല്ലേ; അത് ഒന്നുകൂടി ഊർജിതപ്പെടുത്താൻ കഴിയുന്ന സംവിധാനംകൂടി ഇതിനകത്ത് വേണ്ടതല്ലേയെന്നുള്ളതാണ് എന്റെ സംശയം.

ശ്രീ. ഇ. കെ. വിജയൻ: സർ, ഡോ. എൻ. ജയരാജ് ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് കേരളത്തിലുണ്ടായ മുന്നേറ്റത്തെക്കുറിച്ച് സൂചിപ്പിക്കുകയാണ്ടായി. വിദ്യാഭ്യാസരംഗത്തും മറ്റ്

ശാസ്ത്രമേഖലകളിലൊക്കെ സ്ത്രീ പ്രാതിനിധ്യം വർധിച്ചിരിക്കുകയാണ്. പൊതുവേ, ലോകത്തുണ്ടായ മാറ്റത്തോടൊപ്പം കേരളത്തിനും മാറ്റം വന്നിട്ടുണ്ട്. എന്നാൽ നമ്മുടെ സംസ്ഥാനത്ത് വലിയ തൊഴിൽ ചൂഷണവും നടക്കുന്നുണ്ട്. വീട്ടുജോലികളുമായി ബന്ധപ്പെട്ട് ഇന്ന് നിരവധി വനിതകളെ റിക്രൂട്ട് ചെയ്യുന്നുണ്ട്. മിനിമം വേതനം നടപ്പാക്കിയ ഒരു സംസ്ഥാനത്ത് 10,000/-, 20,000/-, 25,000/- രൂപയൊക്കെ വീട്ടുടമ തൊഴിലാളിക്ക് വേതനമായി കൊടുക്കുന്നുണ്ടെങ്കിലും അത് ശേഖരിക്കുന്നത് റിക്രൂട്ടിങ് ഏജൻസികളാണ്. 3000/-, 5000/-, 6000/- രൂപയൊക്കെ റിക്രൂട്ടിങ് ഏജൻസികൾ നേരിട്ടെടുത്തശേഷം ബാക്കി തുകയാണ് സ്ത്രീ തൊഴിലാളികൾക്ക് നൽകുന്നത്, വലിയ ചൂഷണം നടക്കുകയാണ്. സംസ്ഥാന സർക്കാർ/ലോക്കൽ ബോഡികൾതന്നെ ഇടപെട്ട് റിക്രൂട്ടിങ് ഏജൻസികളെ നിയന്ത്രിക്കാൻ സാധിച്ചാൽ ഇങ്ങനെ പണം അടിച്ചുമാറ്റുന്നത് ഒഴിവാകുകയും ആ തൊഴിലാളികൾക്ക് യഥാർത്ഥ വേതനം ലഭിക്കുകയും ചെയ്യും. ഇക്കാര്യംകൂടി ബില്ലിന്റെ ഭാഗമായി വരേണ്ടതുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. നഗരവൽക്കരണം നടക്കുന്ന മേഖലകളിൽ വലിയ മാളുകൾ ഒഴികെ മറ്റെല്ലാ മേഖലകളിലും സ്ത്രീ തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്.

തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് പ്രാഥമിക കർമങ്ങൾ നിർവഹിക്കാൻ സൗകര്യമില്ല, ഉള്ള സൗകര്യംപോലും ഉപയോഗിക്കാനും സാധിക്കുന്നില്ല. ഏറ്റവും വൃത്തിഹീനമായ രീതിയിലുള്ള ടോയ്ലറ്റ് സൗകര്യങ്ങളാണുള്ളത്. മറ്റൊന്ന്, സോഷ്യൽ മീഡിയയിലെ ഇടപെടലുകൾ കാണുമ്പോൾ അപരിഷ്കൃത സമൂഹമാണ് കേരളം എന്ന് തെളിയിക്കുന്നതാണ് അതിലെ കമന്റുകൾ എന്ന് കാണാൻ സാധിക്കും. പ്രസ്തുത വിഷയങ്ങൾകൂടി 2024-ലെ കേരള സ്ത്രീസൗഹൃദ തൊഴിലിടവൽക്കരണം ബില്ലിന്റെ ഭാഗമായി ഉൾപ്പെടുത്തേണ്ടതല്ലേയെന്നതാണ്.

<u>ശ്രീ. ലിന്റോ ജോസഫ്</u>: സർ, 2024-ലെ കേരള സ്ത്രീസൗഹൃദ തൊഴിലിട വൽക്കരണം ബില്ലാണ് ഡോ. എൻ. ജയരാജ് ഇവിടെ മുന്നോട്ട് വച്ചിരിക്കുന്നത്. നമ്മൾ കാണുന്ന മഹാഭൂരിപക്ഷം സ്ത്രീകളും വേതനം ലഭിക്കാത്തതുകൊണ്ട് തൊഴിലായി പരിഗണിക്കപ്പെടാത്ത അടുക്കള ജോലികൾ ചെയ്യുന്ന ആളുകളാണ്. കുടുംബിനികളായ സ്ത്രീകൾ അത്തരം ജോലികളിൽ കൂടുതലായി ഇടപെടുന്നവരാണ്. വരുമാനമുള്ള മറ്റ് ജോലികൾ ചെയ്യുന്നവരും, ഒരുപക്ഷേ ഐ.എ.എസ്. ഉദ്യോഗസ്ഥർ, മറ്റ് വിവിധങ്ങളായ വകുപ്പുകളിൽ ഇരിക്കുന്നവർ, നമ്മുടെ വനിതാ അംഗങ്ങൾ

ഉൾപ്പെടെയുള്ളവർ അവർ ചെയ്യുന്ന ജോലിക്കുപുറമെ ഇപ്രകാരം ഒരു ജോലി കൂടി ചെയ്യുന്നവരാണ്. വേതനമില്ലാത്തതുകൊണ്ട് പരിഗണിക്കാതെ പോകുന്ന അവരുടെ ആ തൊഴിലിടം കൂടുതൽ സൗഹൃദമാക്കുന്നതിനുള്ള പദ്ധതികൾ സർക്കാർ കൊണ്ടുവരണം. വീട്ടമ്മമാർക്ക് പെൻഷൻ ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ച് സംസ്ഥാന സർക്കാർ ആലോചിക്കുകയുണ്ടായി. ആ നിലയിലുള്ള ഏതെങ്കിലും ഇടപെടലുകൾ ഇതിന്റെ ഭാഗമായി നടത്താൻ കഴിയുമോയെന്നും സ്മാർട്ട് കിച്ചൺ നിർമ്മിക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതികൾ ഈ ബില്ലിന്റെ ഭാഗമായി കൊണ്ടുവരാൻ സാധിക്കുമോ എന്നതുമാണ് എന്റെ ചോദ്യം.

ഡോ. എൻ. ജയരാജ്: സർ, ഒരിക്കൽ സ്കൂളിൽ പഠിക്കുന്ന ഒരു കുട്ടിയോട് ഏറ്റവും കൂടുതൽ കൈ ഉള്ള ജീവി ഏതാണെന്ന് ചോദിച്ചപ്പോൾ എന്റെ അമ്മ ആണെന്നാണ് കുട്ടി പറഞ്ഞ നിഷ്കളങ്കമായ മറുപടി. കാരണം രണ്ട് കൈ കൊണ്ട് ചെയ്യാൻ കഴിയുന്നതിന്റെ പത്തിരട്ടി കാര്യങ്ങളാണ് ഒരു അമ്മ ചെയ്യുന്നത്. അങ്ങനെ ഒരു തമാശയുണ്ട്. ശ്രീ. ലിന്റോ ജോസഫ് സൂചിപ്പിച്ചപ്പോൾ തീർച്ചയായും എന്റെ മനസ്സിൽ ഓർമ്മ വന്നത്, നമ്മുടെ രാജ്യത്തിന്റെ ആകെ സാമ്പത്തിക വളർച്ചയെക്കുറിച്ച് പഠിക്കുമ്പോൾ

ഒരിക്കൽപോലും കണക്കാക്കാതെ പോകുന്ന ഒരു വലിയ മേഖലയാണ് വീടുകളിൽ ഭക്ഷണം പാകം ചെയ്യുന്ന നമ്മുടെ അമ്മമാർ/സഹോദരിമാർ ചെയ്യുന്ന പ്രവർത്തനം. കാരണം അത് ഒരിക്കലും അക്കൗണ്ട് ചെയ്യാൻ കഴിയുന്നില്ല. അതുകൊണ്ടുതന്നെ അതിന്റെ വില ഒരിക്കലും നമ്മൾ തിരിച്ചറിയുന്നില്ല എന്നത് യാഥാർത്ഥ്യമാണ്. വളരെ പ്രധാനപ്പെട്ടൊരു വിഷയമാണിത്. വീട്ടുജോലികൾ ചെയ്തതിനുശേഷം തൊഴിലിടങ്ങളിൽ എത്തിച്ചേരാൻവേണ്ടി അതിരാവിലെ 3 മണിക്കും 4 മണിക്കുമൊക്കെ സ്ത്രീകൾ എഴുന്നേൽക്കേണ്ടി വരുന്നത് നമുക്കെല്ലാം അറിയാവുന്ന കാര്യമാണ്. രാത്രി 11 മണിക്ക് വീട്ടിലെത്തിയാൽ അവർക്ക് ഉറങ്ങാൻ കിട്ടുന്നത് വളരെ കുറച്ചുസമയം മാത്രമാണ്. ജീവിതത്തിന്റെ നല്ല കാലം മുഴുവൻ അങ്ങനെ യാത്ര ചെയ്യുന്ന ആളുകൾ നമ്മുടെ ഇടയിലുണ്ട്. അതൊരു യാഥാർത്ഥ്യമായി നിൽക്കുന്നു. പക്ഷേ അവരത് ശീലിച്ചുപോയ കാര്യമായി മുന്നോട്ടുപോകുകയാണ്. എങ്കിലും ഒരു പരിഷ്കൃത സമൂഹം അതംഗീകരിക്കുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുക എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി

ഇവിടെയുണ്ട്. നേരത്തെ പ്ലാനിങ് ബോർഡ് സമർപ്പിച്ച ഒരു പ്രൊപ്പോസലിൽ പഞ്ചായത്തുകൾ മുഖേന single umbrella സംവിധാനം നടപ്പാക്കിക്കൊണ്ട് domestic labourers ഉൾപ്പെടെയുള്ളവരെ പൂൾ ചെയ്യാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കണമെന്ന ഒരു നിർദ്ദേശമുണ്ടായിരുന്നു. അങ്ങനെയാകുമ്പോൾ കുറച്ചുകൂടി സെക്യൂരിറ്റിയുണ്ടാകും. തൊഴിൽ സപ്ലൈ ചെയ്യുന്നവരുടെ ഭാഗത്തുനിന്നും വലിയ ചൂഷണമാണ് ഈ മേഖലയിലുണ്ടാകുന്നത് എന്ന കാര്യത്തിൽ സംശയമില്ല. ഈ മേഖലയിലെ പ്രശ്നങ്ങളിൽ ഗവൺമെന്റിന് കാലാകാലങ്ങളിൽ ഇടപെടാനും നിയമനിർമ്മാണം നടത്താനും വേദിയൊരുക്കുന്ന വിധത്തിൽ സ്ത്രീ സൗഹൃദ തൊഴിലിടവൽക്കരണ സമിതി സംസ്ഥാനത്ത് രൂപീകരിക്കേണ്ടതുണ്ട്. കേരളം എക്കാലത്തും സ്ത്രീകളോടും സ്ത്രീ പക്ഷത്തോടുമൊപ്പമാണ് നിന്നിട്ടുള്ളത്. ആ സമൂഹത്തിന്റെ ആശങ്കകൾക്കും ആകുലതകൾക്കും പരിഹാരമുണ്ടാക്കാൻ ഈ ഗവൺമെന്റിന് കഴിയുമെന്ന പൂർണ്ണവിശ്വാസം എനിക്കുണ്ട്. എന്റെ ഈ ബിൽ അതിനുവേണ്ടിയുള്ളൊരു തുടക്കമാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ, വളരെ കാലികപ്രസക്തമായ ഒരു പ്രശ്നത്തെയാണ് ഇതിൽ ചർച്ച ചെയ്യുന്നത്.

അതുകൊണ്ട് ഈ ബിൽ തുടർ ചർച്ചയ്ക്കുവേണ്ടി മാറ്റി വയ്ക്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ഈ ബിൽ തുടർ ചർച്ചയ്ക്കായി മാറ്റി വയ്ക്കുന്നു.

(ചർച്ച തുടരും)

(v) 2025-ലെ കേരള കസ്റ്റഡി വാഹനങ്ങളുടെ സംരക്ഷണവും ഉപയോഗവും പരിപാലനവും ഉറപ്പാക്കൽ ബിൽ

(ബഹുമാനപ്പെട്ട അംഗം ശ്രീ. നജീബ് കാന്തപുരം സീറ്റിലില്ലാതിരുന്നതിനാൽ അവതരിപ്പിക്കപ്പെട്ടില്ല.)

(3) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള ഉപക്ഷേപങ്ങളുടെ തുടർചർച്ച:

(i) 2021-ലെ കേരള സ്കൂൾ പാചകത്തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ

(ബഹുമാനപ്പെട്ട അംഗം ശ്രീ. പി. ഉബൈദുള്ള സീറ്റിലില്ലാതിരുന്നതിനാൽ അവതരിപ്പിക്കപ്പെട്ടില്ല.)

(ii) 2021-ലെ കേരള ആരാധനാലയങ്ങളോട് അനുബന്ധിച്ചുള്ള രാഷ്ട്രീയ-സംഘടനാ പ്രവർത്തനം നിയന്ത്രിക്കൽ ബിൽ

(ബഹുമാനപ്പെട്ട അംഗം ശ്രീ. ടി. ഐ. മധുസൂദനൻ സീറ്റിലില്ലാതിരുന്നതിനാൽ അവതരിപ്പിക്കപ്പെട്ടില്ല.)

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: 2021-ലെ കേരള സംസ്ഥാന പാഴ്‌വസ്തു ശേഖരണ തൊഴിലാളി ക്ഷേമനിധി ബില്ലുമായി ബന്ധപ്പെട്ട് ശ്രീമതി സി. കെ. ആശ, എം.എൽ.എ. 2024 ജൂൺ 21-ാം തീയതി ഈ ബില്ലിന്റെ അവതരണാനുമതിക്കുള്ള ഉപക്ഷേപം അവതരിപ്പിക്കുകയും ബഹു. പൊതുവിദ്യാഭ്യാസ തൊഴിൽ വകുപ്പുമന്ത്രി ഉപക്ഷേപത്തെ എതിർക്കുകയും ചെയ്തിരുന്നു. ചർച്ച പൂർത്തിയാക്കാത്തതിനാൽ ശ്രീമതി സി. കെ. ആശ എം.എൽ.എ.-ക്ക് ചർച്ച തുടരാവുന്നതാണ്.

(iii) <u>2021-ലെ കേരള സംസ്ഥാന പാഴ് വസ്തു ശേഖരണ തൊഴിലാളി ക്ഷേമനിധി ബിൽ</u>

<u>ശ്രീമതി സി. കെ. ആശ</u>: സർ, പാഴ്‌വസ്തു ശേഖരണ തൊഴിലാളികൾ വളരെ ദരിദ്രമായ ജീവിത ചുറ്റുപാടുകളിൽനിന്നും വരുന്നവരാണ്. ജീവിതചുറ്റുപാടുകൾമൂലം ഇവരുടെ ആരോഗ്യപരവും വിദ്യാഭ്യാസപരവുമായ കാര്യങ്ങൾ വേണ്ടത്ര പരിഗണിക്കപ്പെടുകയോ ശ്രദ്ധിക്കപ്പെടുകയോ ചെയ്യുന്നില്ല. നമുക്കെല്ലാവർക്കുമറിയാവുന്നതുപോലെ സമൂഹത്തിലെ ഏറ്റവും താഴെത്തട്ടിൽ തൊഴിലെടുക്കുന്നവരാണ് ഇവർ. നമുക്ക് എല്ലാവർക്കും

ശ്രദ്ധയുള്ളൊരു പക്ഷിയാണല്ലോ കാക്ക. കാക്കയെപ്പറ്റി ഒരു കവി എഴുതിയിട്ടുള്ള ഏറ്റവും മനോഹരമായ രണ്ട് വരികളുണ്ട്.

"ചീത്തകൾ കൊത്തി വലിക്കുകിലും

ഏറ്റവും വൃത്തി, വെടിപ്പെഴുന്നോൾ"

അതുപോലതന്നെയാണ് പാഴ്‌വസ്തു ശേഖരണ തൊഴിലാളികളെപ്പറ്റിയും നമുക്ക് പറയാനുള്ളത്. ഏറ്റവും പരിഷ്കൃതരെന്നവകാശപ്പെടുന്ന നമ്മൾ വലിച്ചെറിയുന്ന വസ്തുക്കൾ മലിനജലത്തിൽനിന്നായാലും ഓടയിൽനിന്നായാലും നമ്മുടെ പറമ്പുകളിൽനിന്നായാലും ശേഖരിച്ചുകൊണ്ട് നമ്മുടെ സമൂഹത്തെ മാലിന്യമുക്തമാക്കുക എന്ന ഒരു വലിയ കർമ്മമാണ് അവർ അതിലൂടെ ചെയ്യുന്നത്. അത്തരത്തിലുള്ള തൊഴിലാളികൾക്കുവേണ്ടി ഒരു ബിൽ രൂപീകരിച്ചുകൊണ്ട് അവർക്കൊരു ക്ഷേമനിധി രൂപീകരിക്കുക എന്നതാണ് ഞാൻ ഈ ബില്ലിന്റെ അവതരണത്തിലൂടെ ലക്ഷ്യമാക്കുന്നത്. ജീവിതത്തിൽ പലപ്പോഴും പാർശ്വവൽക്കരിക്കപ്പെട്ടുപോയിട്ടുള്ളവരാണ് പാഴ്‌വസ്തു ശേഖരണ തൊഴിലാളികൾ. ശുചിത്വ കേരളം, ഹരിത കേരളം, മാലിന്യമുക്ത കേരളം തുടങ്ങിയ ഗവൺമെന്റ് നയങ്ങളെ ഏറ്റവും കൂടുതൽ സഹായിക്കുന്നത് ഈ വിഭാഗം തൊഴിലാളികളാണ്. ഇവർ പലപ്പോഴും

വൻകിട സ്ക്രാപ്പ് ശേഖരിക്കുന്ന ആളുകളുടെ ചൂഷണത്തിനിരയാകുന്നുണ്ട്. വലിച്ചെറിയപ്പെടുന്ന വസ്തുക്കൾ പെറുക്കിയെടുത്ത് കഴുകി വൃത്തിയാക്കി വൻകിട സ്ക്രാപ്പ് ശേഖരിക്കുന്ന ആൾക്കാർക്ക് നൽകിയാൽ വളരെ തുച്ഛമായ തുക മാത്രമാണ് ഇവർക്ക് ലഭിക്കുന്നത്. പാഴ്വസ്തുക്കൾ വില്പന നടത്തുന്ന വൻകിട ശേഖരണക്കാർ ഇവയെല്ലാം വർധിച്ച വിലയ്ക്കാണ് വിൽക്കുന്നത്. വില്പനയ്ക്ക് കൊടുത്താലും വളരെ ചെറിയ തുക ലഭിക്കുന്നുവെന്നതിനപ്പുറം യാതൊരു തരത്തിലുള്ള ആനുകൂല്യങ്ങളും നൽകാൻ തയ്യാറാകാത്ത സാഹചര്യമാണുള്ളത്. അത്തരത്തിൽ സമൂഹത്തിൽ പരിഗണന ലഭിക്കേണ്ട ഒരു വിഭാഗക്കാരാണ് പാഴ്വസ്തു ശേഖരണ തൊഴിലാളികൾ. അവർക്ക് പ്രഥമ പരിഗണന നൽകിക്കൊണ്ട് ക്ഷേമനിധി അനുവദിക്കുന്നതിനാണ് ഈ ബിൽ അവതരിപ്പിക്കുന്നത്. എത്രത്തോളം തൊഴിലാളികളാണ് ഇത്തരം തൊഴിൽ മേഖലയിൽ ഏർപ്പെടുന്നത് എന്നതിന്റെ യാതൊരുവിധ രേഖകളും ഇന്ന് സംസ്ഥാനത്ത് ലഭ്യമല്ലായെന്നത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. തൊഴിൽ ചെയ്യുന്നവർക്ക് രജിസ്ട്രേഷനില്ലാത്തതിനാൽ അവരെ തൊഴിലാളികളായി നമുക്ക് അംഗീകരിക്കാൻ സാധിക്കില്ല. ഞാൻ നേരത്തെ ഒരു ബില്ലിൽ ഇടപെട്ട് സംസാരിച്ചതുപോലെ തൊഴിലാളികൾക്കുവേണ്ടി

ഒട്ടേറെ നിയമങ്ങളുണ്ടായിരുന്നുവെങ്കിലും രാജ്യത്തെ തൊഴിൽ നിയമങ്ങൾ മാറ്റിയെഴുതി അതിൽ വെള്ളം ചേർത്തുകൊണ്ട് കേന്ദ്രസർക്കാർ പുതിയ തൊഴിൽ ലേബർ കോഡുകൾ രൂപീകരിക്കുകയാണ്. നിലവിൽ കാലാകാലങ്ങളായി തൊഴിലാളികൾ അനുഭവിച്ചുകൊണ്ടിരുന്ന പല തരത്തിലുള്ള ആനുകൂല്യങ്ങളും അവകാശങ്ങളും ഇല്ലാതാകുന്ന കാലഘട്ടത്തിലൂടെയാണ് നമ്മൾ ജീവിക്കുന്നത്. അത്തരം കാലഘട്ടത്തിൽ തൊഴിലാളികളായിപ്പോലും അംഗീകരിക്കാത്ത ഇവരുടെ ജീവിത സാഹചര്യങ്ങൾ നമുക്ക് ചിന്തിക്കാവുന്നതിലും അപ്പുറമാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത നയങ്ങളായ ശുചിത്വകേരളം, മാലിന്യമുക്ത കേരളം, ഹരിത കേരളം എന്നീ പദ്ധതികൾക്കനുകൂലമായ സാഹചര്യങ്ങളൊരുക്കുന്നതിന് ഇവർക്ക് വലിയ പങ്കുണ്ട്. ഹരിത കർമ്മ സേന നമുക്കെല്ലാവർക്കും അഭിമാനമുള്ള സേനയാണ്. സംസ്ഥാനത്തെ മാലിന്യമുക്ത നവകേരളം എന്ന ലക്ഷ്യത്തിലേക്ക് എത്തിക്കുന്നതിൽ ഇവർ വളരെ അഭിമാനകരമായ പങ്കുവഹിക്കുന്നുണ്ട്.

ശ്രീ. ഡി. കെ. മുരളി: സർ, അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ

പാഴ്വസ്തു ശേഖരണ തൊഴിലാളികളെ സംബന്ധിച്ച് പ്രത്യേകമായ രജിസ്റ്ററോ മറ്റ് നിബന്ധനകളോ ഇല്ലാത്തതുകൊണ്ട് പലരും ദുരുപയോഗം ചെയ്യുന്നുണ്ട്. അതായത് പാഴ്വസ്തു ശേഖരണത്തിന്റെ പേരിൽ വീടുകളും മറ്റും കണ്ടുവച്ച് മോഷണത്തിലേയ്ക്കുപോകുക എന്ന സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് വേദിയാക്കി മാറ്റുന്നത് അങ്ങയുടെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ? ഇത്തരം തൊഴിലാളികൾക്ക് യഥാർഥത്തിൽ രജിസ്ട്രേഷനും നിബന്ധനയും കൊണ്ടുവരണമെന്ന അങ്ങയുടെ നിർദേശത്തോട് ഞാൻ യോജിക്കുന്നു. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എം. വിജിൻ</u>: സർ, ഹരിത കർമ്മ സേനയെക്കുറിച്ച് ഗവൺമെന്റിന് അഭിമാനപൂർവം ലോകത്തോട് പങ്കുവയ്ക്കാൻ സാധിക്കും. ഹരിത കർമ്മ സേനയെന്നപോലെ പാഴ്വസ്തു തൊഴിലാളികളും ആ നിലയിലുള്ള പ്രവർത്തനങ്ങൾക്കാണ് നേതൃത്വം നൽകുന്നത്. വൃത്തിശൂന്യമായ ഇടങ്ങളിൽനിന്നുപോലും പാഴ്വസ്തുക്കൾ ശേഖരിക്കുന്നുണ്ട്. അങ്ങ് പറഞ്ഞതുപോലെ അവർ ചൂഷണത്തിന് വിധേയരാകുന്നുണ്ട്. അതിന് അങ്ങയുടെ ബില്ലിന്റെ ഭാഗമായി നിയമം കൊണ്ടുവരണം. കൃത്യമായ വിലയുണ്ടെങ്കിലും അത് അവർക്ക് ലഭിക്കാത്ത പ്രശ്നമുണ്ട്. ബഹുമാനപ്പെട്ട

ഡി. കെ. മുരളി എം.എൽ.എ. സൂചിപ്പിച്ചതുപോലെ നമ്മുടെ പ്രദേശങ്ങളിൽ ഇത്തരം പാഴ്വസ്തുക്കൾ ശേഖരിക്കാൻ വരുന്നവരിൽ നല്ല ആളുകളുണ്ടായിരുന്നു. പക്ഷേ ചില ആളുകൾ മോഷണങ്ങൾ നടത്താൻ തുടങ്ങിയതോടുകൂടി ഇവരെ പൂർണ്ണമായും വീടുകളിൽനിന്നും അകറ്റുന്ന സമീപനം പൊതുവിൽ ഉയർന്നുവരികയുണ്ടായി. അങ്ങ് ഈ ബില്ലിന്റെ ഭാഗമായി പറഞ്ഞതുപോലെ രജിസ്ട്രേഷൻ നിർബന്ധമാക്കുകയും പഞ്ചായത്തുകളിലോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലോ രജിസ്റ്റർ ചെയ്ത് രജിസ്ട്രേഷൻ ബാഡ്ജോടുകൂടി വരികയാണെങ്കിൽ ഹരിത കർമ്മ സേനയെ സ്വീകരിച്ചതുപോലെ ഇവരെയും സ്വീകരിക്കുന്ന നിലയുണ്ടാകും. ബില്ലിന്റെ ഭാഗമായി രജിസ്ട്രേഷൻ നിർബന്ധമാക്കുന്നതിനുള്ള ആലോചന കർശനമായി സ്വീകരിക്കുമോയെന്നാണ് അറിയേണ്ടത്.

ശ്രീമതി ശാന്തകുമാരി കെ.: സർ, കേരളത്തിൽ നാം ഏറ്റെടുത്ത ഹരിത കർമ്മ സേനയുടെ പ്രവർത്തനം ലോകം അംഗീകരിക്കുന്ന പ്രധാനപ്പെട്ട സംഘടിത സ്ത്രീ സേനയായി ഇതിനകം മാറിക്കഴിഞ്ഞിട്ടുണ്ട്. പാഴ്വസ്തു ശേഖരണമെന്ന് പറയുന്നതിന്റെ അർത്ഥത്തിൽ മോഡേണൈസ്ഡായിട്ടുള്ള തൊഴിൽമേഖലയിലേക്ക് നമ്മൾ പരിവർത്തനപ്പെട്ടുവെന്നുള്ളത്

സന്തോഷകരമായ കാര്യമാണ്. തിരുവനന്തപുരത്ത് ആമയിഴഞ്ചാൻ തോടിൽ ജോയിയെ പോലുള്ള സുഹൃത്തുക്കളുടെ ജീവൻവെടിയുന്ന അവസ്ഥയുണ്ടായി. പാഴ്വസ്തുക്കളോടൊപ്പം മലിനമായിട്ടുള്ള പ്രദേശങ്ങൾ/അഴുക്കുചാലുകൾ ഉൾപ്പെടെ ക്ലീൻ ചെയ്യുന്നുണ്ട്. മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ആണെങ്കിൽ അംഗീകൃത തൊഴിലാളികളാണ് ക്ലീൻ ചെയ്യുന്നത്. അല്ലെങ്കിൽത്തന്നെയും നിരവധി ആളുകൾ ഈ മേഖലയിൽ തൊഴിലന്വേഷകരായി മാറുന്ന സ്ഥിതിവിശേഷം പലപ്പോഴും കാണാറുണ്ട്. ക്ഷേമനിധി ബില്ലായതുകൊണ്ട് സ്വാഭാവികമായും അതിൽ ആരെയെല്ലാം ഉൾപ്പെടുത്താൻ സാധിക്കുമെന്ന കാര്യത്തിൽ വ്യക്തതയുണ്ടാകും. അത്തരത്തിൽ ഇതിന്റെ ഭാഗമായി അവരെക്കൂടി ചേർത്തുപിടിച്ച് മുന്നോട്ടുപോകേണ്ട അവസ്ഥയുണ്ടാകില്ലേ? മറ്റൊരു കാര്യം, പാഴ്വസ്തുക്കളെ മെറ്റീരിയലുകളായാണ് പരിഗണിക്കുന്നത്. വലിച്ചെറിയുന്ന ഓരോന്നും അസംസ്കൃത വസ്തുവായി മാറുകയാണ്. ഇതിനെ വാല്യൂ ആഡഡ് ആയ പല വസ്തുക്കളിലേക്കും പരിവർത്തനം ചെയ്യാൻ സാധിക്കും. മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ടുള്ള അടുത്ത സ്റ്റെപ്പ് റീസൈക്കിൾ മേഖലയിലും റീ യൂസ് ചെയ്യാൻ സാധിക്കുന്ന അസംസ്കൃത വസ്തുക്കളായി മാറുകയെന്നതാണ്. പാഴ്വസ്തുക്കൾ അങ്ങനെ ഏറ്റെടുക്കുമ്പോൾ

തൊഴിലാളികളുടെ വാല്യൂ കൂട്ടുകയാണ്. ഇങ്ങനെ അസംസ്കൃത വസ്തുക്കൾ നിർമ്മിക്കപ്പെടുന്ന സ്ഥാപനങ്ങളുടെ തൊഴിലുടമസ്ഥരിൽനിന്ന് അവർക്ക് ലഭ്യമാകുന്ന ക്ഷേമനിധിയുടെ വിഹിതമുൾപ്പെടെ വലിയതോതിൽ ശേഖരിക്കാൻ കഴിയില്ലേ?

ശ്രീ. കെ. പ്രേംകുമാർ: സർ, 2021-ലെ കേരള സംസ്ഥാന പാഴ്വസ്തു ശേഖരണ തൊഴിലാളി ക്ഷേമനിധി ബിൽ ബഹുമാന്യയായ അംഗം സി. കെ. ആശ ഇവിടെ അഭിമാനപൂർവം അവതരിപ്പിക്കുകയാണ്. പ്രൈവറ്റ് മെമ്പേഴ്സ് ബിൽ കമ്മിറ്റിയുടെ ഭാഗമായി ഏതാണ്ട് രണ്ടാഴ്ച മുമ്പാണ് ഒരു പഠന പര്യടന യാത്ര പോയത്. പല സംസ്ഥാനങ്ങളിലും ഇത്തരത്തിലുള്ള കമ്മിറ്റികൾപോലും നിലവിലില്ലെന്നാണ് നമുക്ക് മനസ്സിലാക്കാൻ സാധിച്ചത്. ആധുനിക കേരളത്തിന്റെ പ്രശ്നങ്ങളെ കണ്ടുകൊണ്ട് അത് പരിഹരിക്കാനും അതിനുതകുന്ന നിലയിലുള്ള നിർദേശങ്ങൾ ബില്ലായി അവതരിപ്പിക്കാനും മുൻകൈയെടുത്ത അംഗത്തെ പ്രത്യേകം അഭിനന്ദിക്കുകയാണ്. ഈ മേഖലയിൽ തൊഴിലെടുക്കുന്ന ആളുകൾക്ക് തൊഴിൽ കാർഡ് നൽകുന്നതിനും സമൂഹത്തിൽ അവർക്ക് അംഗീകാരം നൽകുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ ഏത് നിലയിൽ

മുന്നോട്ടുപോകും എന്നത് സംബന്ധിച്ച് വ്യക്തമാക്കാമോ?

ശ്രീമതി സി. കെ. ആശ: സർ, ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞ കാര്യങ്ങളെല്ലാം വളരെ പ്രസക്തമാണ്. ശ്രീമതി ശാന്തകുമാരി കെ. സൂചിപ്പിച്ചതുപോലെ വളരെയധികം മാലിന്യം നിറഞ്ഞ ആമയിഴഞ്ചാൻ തോട്ടിൽ ശുചീകരണ തൊഴിലാളി മരണപ്പെട്ടപ്പോൾ നമ്മളെല്ലാവരും വളരെ ഹൃദയഭേദകമായാണ് പിന്നീട് അവിടെ നടന്ന ഓരോ സംഭവവികാസങ്ങളും കണ്ടിരുന്നത്. തകഴി ശിവശങ്കരപിള്ള എഴുതിയ 'തോട്ടിയുടെ മകൻ' എന്ന നോവൽ വായിക്കുമ്പോൾ ആ കാലഘട്ടത്തിൽ ആ വിഭാഗത്തിലെ ജനങ്ങളുടെ ജീവിത സാഹചര്യം എത്രത്തോളം ദുരിതപൂർണ്ണമായിരുന്നുവെന്ന് നമ്മളെല്ലാം മനസ്സിലാക്കിയിട്ടുള്ളതാണ്. ഈ കാലഘട്ടത്തിൽപോലും, വിദ്യാഭ്യാസം കൊണ്ടും സാംസ്കാരിക ഉന്നതികൊണ്ടും പ്രബുദ്ധരായ ഈ സമൂഹത്തിൽ ഇത്തരത്തിലുള്ള ആൾക്കാർ ഇന്നും ജീവിക്കുന്നുണ്ട് എന്നുള്ളത് യഥാർത്ഥത്തിൽ ലജ്ജിക്കേണ്ട കാര്യമാണ്. അതുകൊണ്ടുതന്നെ അവരുടെ ജീവിതസാഹചര്യങ്ങൾ മെച്ചപ്പെട്ടതാകുന്നതിനുവേണ്ടിയുള്ള സൗകര്യം ചെയ്തുകൊടുക്കേണ്ടതുമാണ് എന്നതും ബില്ലിന്റെ പരിഗണനയിലേക്ക് വരേണ്ട ഒരു വിഷയം തന്നെയാണെന്നാണ് സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു.

ശ്രീ. എം. വിജിൻ, എം.എൽ.എ.-യും ശ്രീ. ഡി. കെ. മുരളി, എം.എൽ.എ.-യും പറഞ്ഞതുപോലെതന്നെ, ഈ ബില്ലിന്റെ ഭാഗമായി സൂചിപ്പിച്ചിട്ടുള്ള ഒരു പ്രധാനപ്പെട്ട വിഷയമാണ് രജിസ്ട്രേഷൻ നിർബന്ധമാക്കുകയെന്നുള്ളത്. അതുതന്നെയാണ് ഞാൻ പറഞ്ഞുവന്ന വിഷയവും. രജിസ്ട്രേഷൻ ഇല്ലെങ്കിൽ അവരെ തൊഴിലാളികളായി അംഗീകരിക്കാത്ത സാഹചര്യമുണ്ടാകുകയും അതുമൂലം തൊഴിലവകാശങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യും. തൊഴിലാളികളായി അംഗീകരിക്കപ്പെട്ടിട്ടുള്ളവരുടെ ജീവിതംപോലും വളരെയേറെ ദുസ്സഹമാകുന്ന ഒരു സാഹചര്യത്തിൽ, തൊഴിലാളികളായി അംഗീകരിക്കപ്പെടാത്ത ഇവരുടെ ജീവിത സാഹചര്യം എങ്ങനെയായിരിക്കുമെന്നത് നമുക്കെല്ലാം ചിന്തിക്കാവുന്നതിനും അപ്പുറമാകുമെന്നതിൽ യാതൊരു സംശയവുമില്ല. അതുകൊണ്ടുതന്നെ ഇവരെ തൊഴിലാളികളായി അംഗീകരിക്കാൻ രജിസ്ട്രേഷൻ നിർബന്ധമാക്കുകയെന്നുള്ളത് പ്രധാനപ്പെട്ട കാര്യമാണ്.

ലോകത്തിനുതന്നെ മാതൃകയായി കേരളം ഉയർത്തിക്കൊണ്ടുവന്ന സേനയാണ് ഹരിത കർമ്മസേന. കേരളത്തെ മാലിന്യമുക്തമാക്കിയും ഹരിതമയമാക്കിയും നിലനിർത്തുന്നതിന് സഹായിക്കുന്ന വലിയൊരു

സേനതന്നെയാണിത്. ഹരിത കർമ്മസേനയുടെ പ്രവർത്തനമാരംഭിച്ചപ്പോൾ അവരെ കേരള സമൂഹം യഥാർഥത്തിൽ അംഗീകരിച്ചിരുന്നില്ല എന്ന കാര്യം നമുക്കറിയാം. അവർക്ക് നൽകുന്ന യൂസർ ഫീയുടെയും മറ്റുപരാമർശങ്ങളുടെയും പേരിൽ അവരെല്ലാം വളരെയേറെ പഴികേൾക്കേണ്ടിവന്ന സാഹചര്യങ്ങളുണ്ടായിട്ടുണ്ട്. പക്ഷേ ഗവൺമെന്റ് നയത്തിന്റെ ഭാഗമായി മാലിന്യമുക്ത നവകേരളം പ്രഖ്യാപിച്ചതിന്റെ ഫലമായി, നിയോജകമണ്ഡലാടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ട കമ്മിറ്റികളും തുടർപ്രവർത്തനങ്ങളും കാരണം ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ ജനങ്ങളിലേക്ക് എത്തിക്കാൻ കഴിഞ്ഞു. ഈ നാടിനും വരുംതലമുറകൾക്കുംവേണ്ടി അവർ നടത്തുന്ന സേവനമാണിതെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ്, ഹരിത കർമ്മസേനയുടെ പ്രവർത്തനം ആരംഭിച്ച സമയത്ത് വീടുകളിലും സ്ഥാപനങ്ങളിലും ചെല്ലുമ്പോൾ നേരിട്ടിരുന്ന അത്രയും പ്രശ്നങ്ങൾ ഇന്ന് നേരിടേണ്ടിവരാത്ത സാഹചര്യമുണ്ടായത്. ഹരിത കർമ്മസേന കൃത്യമായി നമ്മുടെ വീടുകളിലും ഓഫീസുകളിലുമുണ്ടാകുന്ന പ്ലാസ്റ്റിക് അടക്കം നിർമ്മാർജനം ചെയ്യേണ്ട വസ്തുക്കൾ ക്ലീൻ ചെയ്ത് ശേഖരിക്കുന്നു.

അതിലേയ്ക്കായി ഒരു നിശ്ചിത യൂസർ ഫീ വാങ്ങി അവർ ആ ദൗത്യം വളരെ ഭംഗിയായി പൂർത്തീകരിക്കുകയാണ്. ഇത് നാടിന് ചെയ്യുന്ന വലിയ സേവനമാണ്. പക്ഷേ പാഴ്‌വസ്തു ശേഖരണത്തൊഴിലാളികളുടെ അവസ്ഥ ഒരിക്കലും അത്തരത്തിലല്ല. അവർ വീടുകളിൽ ചെല്ലുമ്പോൾ പലപ്പോഴും ആട്ടിയോടിക്കപ്പെടുന്ന സന്ദർഭങ്ങളുണ്ടാകുന്നുണ്ട്. എന്തോ വലിയ തെറ്റ് ചെയ്യാൻ വരുന്നവരെന്ന രീതിയിലാണ് അവരോട് പെരുമാറുന്നത്. അവരുടെ ജീവിതസാഹചര്യങ്ങൾ കാരണം എക്സ്‌ക്ലൂസീവ് വസ്ത്രത്തിലൊന്നും പാഴ്‌വസ്തു ശേഖരിക്കാൻ ഒരു വീട്ടിലേക്ക് അവർക്ക് വരാൻ കഴിയില്ല. വേഷവിധാനം പരിഗണിച്ച് ഒരാളെ ഐഡന്റിഫൈ ചെയ്ത്, എന്തോ മോശം കാര്യത്തിന് വന്നിരിക്കുന്നവെന്നുള്ള തരത്തിൽ 'ഇവിടെ ഒന്നുമില്ല, പൊയ്‌ക്കോളൂ' എന്നുപറഞ്ഞ് ജനങ്ങളെല്ലാം അവരെ ആട്ടിപ്പായിക്കുന്ന അവസ്ഥയാണുള്ളത്. പരിഷ്കൃത സമൂഹമെന്ന് വിശ്വസിക്കുന്ന നമ്മൾ ചുറ്റുപാടുകളിലും ജലാശയങ്ങളിലുമെല്ലാം വലിച്ചെറിയുന്ന വസ്തുക്കൾ ശേഖരിച്ച് അവർ ഈ നാടിനെ മാലിന്യ മുക്തമാക്കുകയാണ്. അവർ ഈ ചെയ്യുന്നത് എത്രയോ വലിയ കാര്യമാണെന്ന് നമുക്കെല്ലാവർക്കും ഊഹിക്കാവുന്നതേയുള്ളൂ. ഈ നാടിനും പരിസ്ഥിതിക്കും പ്രകൃതിക്കും

ശുദ്ധജലസ്രോതസ്സുകൾക്കുംവേണ്ടി അവർ നടത്തുന്ന ഈ സേവനത്തെ മുന്നിൽ കണ്ടുകൊണ്ട് ഗവൺമെന്റ് അവരെ സംരക്ഷിക്കുന്നതിനാവശ്യമായ ചില കാര്യങ്ങൾ ഈ ബിൽ അംഗീകരിച്ച് ചെയ്തുതരണമെന്നാണ് ഞാൻ ഈ ഉപക്ഷേപത്തിലൂടെ ഗവൺമെന്റിനോട് അഭ്യർഥിക്കുന്നത്. അവർ തൊഴിലാളികളല്ല എന്നുള്ള കാരണം കൊണ്ടുതന്നെ ഒരു പെൻഷൻ പദ്ധതിയിലേക്ക് അവരെ കൊണ്ടുവരാൻ സാധിക്കുന്നില്ല. ഒരു പ്രായം കഴിഞ്ഞവരാണ് പലപ്പോഴും പാഴ്വസ്തു ശേഖരണത്തിന് വരുന്നത്.

<u>ശ്രീമതി യു. പ്രതിഭ</u>: സർ, പാഴ്വസ്തു ശേഖരണത്തൊഴിലാളികളെ സേവന വേതന വ്യവസ്ഥകളിലൊന്നും ഉൾപ്പെടുത്താൻ കഴിയില്ല. പക്ഷേ നേരത്തെ പരാമർശിച്ച രീതിയിലുള്ള ഇൻഷ്വറൻസ് പരിരക്ഷ കുറച്ചുകൂടി കാര്യക്ഷമമായി നടപ്പാക്കേണ്ടതല്ലേ. കാരണം ക്ലേശകരമായതും അപകടസാധ്യതയുള്ളതും രോഗമുണ്ടാകാൻ സാധ്യതയുള്ളതുമായിട്ടുള്ള സാഹചര്യങ്ങളിലാണ് അവർ ജോലി ചെയ്യുന്നത്. പലപ്പോഴും നിയമസഭാ ഹോസ്റ്റലിലുൾപ്പെടെ നമ്മുടെ മുന്നിൽ വരുന്ന ശുചീകരണത്തൊഴിലാളികൾക്ക് ഗ്ലൗസോ മറ്റ് സുരക്ഷാക്രമീകരണങ്ങളോ ഉള്ളതായി കാണുന്നില്ല. ഡെയ്‌ലി വേജസ് ആണെങ്കിൽപ്പോലും ഏറ്റവും

കൂടുതൽ ശ്രദ്ധയും വേതനവും നൽകേണ്ടതും സുരക്ഷാക്രമീകരണങ്ങൾ ഒരുക്കിക്കൊടുക്കേണ്ടതും ഈ വിഭാഗത്തിലെ തൊഴിലാളികൾക്കാണ്. കാരണം അവരുടെ ജീവനും വിലയേറിയതാണ്. ഇവർ ഏറ്റവും കൂടുതൽ പരിഗണന ലഭിക്കേണ്ട ഒരു വിഭാഗമല്ലേ?

ശ്രീമതി സി. കെ. ആശ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. സ്ക്രാപ്പ് എടുക്കുന്ന സമയത്ത് ബോംബ് പൊട്ടി കൈ നഷ്ടപ്പെട്ട വാർത്ത മുമ്പ് പത്രമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. അത് നാമെല്ലാം പത്രമാധ്യമങ്ങളിലൂടെ വായിച്ചിട്ടുണ്ടായിരുന്നു. എന്ത് ഇൻഷ്വറൻസാണ് അവർക്ക് നമുക്ക് കൊടുക്കാൻ കഴിയുന്നത്? പരിസരത്ത് കിടക്കുന്ന ടിന്നോ അല്ലെങ്കിൽ കുപ്പിയോ പാഴ്വസ്തുവാണെന്ന് ധരിച്ച് എടുക്കുമ്പോൾ സ്ഫോടനമുണ്ടാകുകയാണ്. ഇത്തരത്തിൽ അവരുടെ ജീവന് വളരെയേറെ ഭീഷണിയുണ്ടാകുന്ന സാഹചര്യങ്ങളുണ്ട്. അതുകൊണ്ടുതന്നെ അവർക്ക് തീർച്ചയായും ഇൻഷ്വറൻസ് ഏർപ്പെടുത്തേണ്ടതുണ്ട്. ഇവിടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച ഇൻഷ്വറൻസ് എന്ന ആവശ്യം വളരെ പ്രധാനപ്പെട്ട ഒരു ഘടകമായി പരിഗണിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി നടപ്പാക്കാനുള്ള

സാഹചര്യമുണ്ടാകണം.

പെൻഷന്റെ ആനുകൂല്യങ്ങൾ സംബന്ധിച്ചാണ് ഞാൻ പറഞ്ഞുവന്നത്. തൊഴിലാളികളായി അംഗീകരിക്കുന്നപക്ഷം മാത്രമെ അവർക്ക് പെൻഷൻ ആനുകൂല്യം നൽകാൻ സാധിക്കുകയുള്ളൂ. ഏകദേശം അറുപത് വയസിനോടടുക്കുന്ന സമയത്ത്, മറ്റ് ഭാരിച്ച തൊഴിലുകൾ ചെയ്യാൻ ആരോഗ്യപരമായി സാഹചര്യമില്ലാത്ത സന്ദർഭത്തിലാണ് പലപ്പോഴും അവർ പാഴ്‌വസ്തുക്കൾ ശേഖരിക്കുന്ന തൊഴിലിലേക്ക് എത്തിച്ചേരുന്നത്. 55-60 വയസ് പ്രായമുള്ളവരാണ് ഈ തൊഴിൽമേഖലയിലേക്ക് കൂടുതലായും കടന്നുവരുന്നത്. അതുകൊണ്ടുതന്നെ അവർക്ക് ഒരു പെൻഷൻ സ്കീം ഏർപ്പെടുത്തണം. ജീവിതത്തിൽ യാതൊരു സമ്പാദ്യമോ മറ്റ് ജീവിത മാർഗങ്ങളോ ഇല്ലാത്തവരായിരിക്കാം. തങ്ങളുടെ കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് വേണ്ടിയായിരിക്കാം ഇവർ കൂടുതലായും ഇത്തരത്തിലുള്ള തൊഴിലിലേക്ക് കടന്നുവന്നിട്ടുള്ളത്. അവർക്ക് എങ്ങനെയാണ് മുന്നോട്ടുള്ള ജീവിതം നയിക്കാൻ കഴിയുന്നത്. മരുന്ന് വാങ്ങാനും മറ്റുമെല്ലാം അവർക്ക് ചെലവുകളുണ്ടാകും. മനുഷ്യരാകുമ്പോൾ എന്തെല്ലാം കാര്യങ്ങളുണ്ടാകും. ആ സാഹചര്യത്തിൽ അവർക്കാവശ്യമായ

സാമ്പത്തിക പിന്തുണ നൽകുകയെന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. അതുകൊണ്ടുതന്നെ അറുപത് വയസ് കഴിഞ്ഞ പാഴ്‌വസ്തു ശേഖരണത്തൊഴിലാളികൾക്ക് ഒരു പെൻഷൻ സ്കീം നടപ്പാക്കുകയെന്നത് വളരെ പ്രധാനപ്പെട്ട കാര്യമായി പറയാൻ ഞാനാഗ്രഹിക്കുകയാണ്.

നിരവധി ക്ഷേമനിധികളുള്ള ഒരു സംസ്ഥാനമാണ് കേരളം. ക്ഷേമനിധിയിൽ അംഗങ്ങളായവരുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്ന നിരവധി സ്കീമുകളുണ്ട്. അത്തരത്തിലുള്ള ഒരു സ്കീമും ഈ തൊഴിലാളികൾക്ക് ലഭ്യമല്ല. ഇതിന്റെയെല്ലാം യഥാർഥ കാരണം ഇവരെ തൊഴിലാളികളായി അംഗീകരിച്ചിട്ടില്ല എന്നുള്ളതുതന്നെയാണ്. അങ്ങനെ അവരെ തൊഴിലാളികളായി അംഗീകരിക്കുന്നപക്ഷം മാത്രമെ ഇതെല്ലാം സാധ്യമാകുകയുള്ളൂ. ഇവർക്ക് ലഭിക്കുന്ന തുച്ഛമായ വരുമാനത്തിൽനിന്ന് മക്കളുടെ ഉന്നതവിദ്യാഭ്യാസം സാധ്യമാക്കുകയെന്നത് വളരെ ദുസ്സഹമായ ഒരു സാഹചര്യമാണ്. അതുകൊണ്ടുതന്നെ അവരുടെ മക്കളുടെ വിദ്യാഭ്യാസത്തിന് ഉപകാരപ്പെടുന്ന തരത്തിലുള്ള ഒരു വിദ്യാഭ്യാസ സ്കീം ലഭ്യമാക്കുകയെന്നത് വളരെ പ്രധാനപ്പെട്ടൊരു കാര്യമായി ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുകയാണ്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, നമ്മുടെ സ്വകാര്യ ബില്ലുകളിലെല്ലാംതന്നെ വളരെ പ്രധാനപ്പെട്ട ജീവിത യാഥാർഥ്യങ്ങളും സത്യങ്ങളുമാണ് നിഴലിച്ചുനിൽക്കുന്നത്. അത് പുറത്തുകൊണ്ടുവരാനുള്ള നല്ലൊരു സന്ദർഭമായിട്ടാണ് സത്യത്തിൽ വെള്ളിയാഴ്ചകളെ കാണേണ്ടത്. ഒ.എൻ.വി. കുറുപ്പിന്റെ ഒരു മനോഹരമായ കവിതയിൽ "മറ്റുള്ളവർക്കായ് സ്വയം കത്തിയെരിയുന്ന സുസ്നേഹമൂർത്തിയാം സൂര്യ!" എന്നൊരു വരിയുണ്ട്. സത്യത്തിൽ പാഴ്വസ്തു ശേഖരണത്തൊഴിൽ രംഗത്ത് പ്രവർത്തിക്കുന്നവർ ഈ സമൂഹത്തിനുവേണ്ടി നിശബ്ദമായി ചെയ്യുന്ന വലിയൊരു പ്രവർത്തനത്തെ കാണാതിരിക്കാൻ കഴിയില്ല. അവരുടെ ഇപ്പോഴത്തെ തൊഴിലിന്റെ സ്വഭാവമനുസരിച്ച് 'ലേബർ' എന്ന ഡെഫനിഷനിലേക്ക് അവരെ കൊണ്ടുവരാൻ കഴിയില്ല എന്നൊരു പ്രായോഗിക ബുദ്ധിമുട്ട് ഞാൻ മനസിലാക്കുകയാണ്. ഈ കേരള നിയമസഭ വളരെ കൃത്യമായും ബോധപൂർവവും പല പ്രതിസന്ധികളും വളരെ ഭംഗിയായി മറികടന്നവരാണ്. രണ്ട് കാര്യങ്ങളാണ് ഇവിടെ പറഞ്ഞത്. ഇൻഷ്വറൻസിന്റെയും പെൻഷന്റെയും കാര്യങ്ങൾ നല്ല ആശയങ്ങളാണ്. അത് എങ്ങനെ നടപ്പാക്കാൻ കഴിയുമെന്നുള്ളത് ചിന്തിക്കണം. പരമ്പരാഗതമായ concept-

നപ്പുറത്തേയ്ക്ക് മാറി അവരെ സഹായിക്കാൻ കഴിഞ്ഞാൽ തീർച്ചയായും അത് വളരെ പ്രയോജനകരമാകും. വളരെ സാർഥകമായ ഒരനുഭവമായി ഇത് മാറാൻ കഴിയട്ടെയെന്ന് ആഗ്രഹിക്കുകയാണ്.

ശ്രീമതി സി. കെ. ആശ: സർ, രജിസ്റ്റർ ചെയ്യപ്പെട്ട തൊഴിലാളികളായി ഇവർ മാറുമ്പോൾ അതിലൂടെ തൊഴിലിടങ്ങളിൽ അവർക്ക് ആത്മാഭിമാന ബോധമുണ്ടാകുന്നു. ലോട്ടറി തൊഴിലാളികൾക്ക് യൂണിഫോം കൊടുക്കുന്ന സാഹചര്യമുണ്ടായി. ആ യൂണിഫോം ധരിച്ചുകൊണ്ട് 'ഞാൻ സർക്കാർ അംഗീകരിച്ച ഒരു തൊഴിലാളിയാണ്' എന്നുള്ള ഒരു ആത്മാഭിമാന ബോധത്തോടുകൂടിയാണ് ആ തൊഴിലാളികൾ ഇന്ന് നിരത്തിൽ അവരുടെ തൊഴിൽ ചെയ്യുന്നത്. അവരെ സമൂഹം അംഗീകരിക്കുന്നതിന്റെ ഒരടയാളമായി പാഴ്വസ്തു ശേഖരണത്തൊഴിലാളികൾക്കും യൂണിഫോം നൽകുന്ന കാര്യം പരിഗണിക്കണം. അതോടൊപ്പംതന്നെ ഇവിടെ ശ്രീമതി യു. പ്രതിഭ, എം.എൽ.എ. സൂചിപ്പിച്ചതുപോലെ, അവർക്ക് രോഗാവസ്ഥയുണ്ടാകാനുള്ള സാഹചര്യങ്ങൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണം. മാലിന്യങ്ങൾ നിറഞ്ഞ ജലാശയങ്ങളിലും ഓടകളിലും

പരിസരങ്ങളിലുമൊക്കെ വലിച്ചെറിയപ്പെടുന്ന വസ്തുക്കളാണ് അവർ ശേഖരിക്കുന്നത്. അതുകൊണ്ടുതന്നെ അവർക്ക് കൈയുറയും മാസ്കും ഫസ്റ്റ് എയ്ഡ് ബോക്സും നൽകണം. ഇരുമ്പ് ഉൾപ്പെടെയുള്ള സാധനങ്ങളാണ് ഇവർ ശേഖരിക്കുന്നത്. ചെറിയൊരു മുറിവുണ്ടായാൽപോലും അത് സെപ്റ്റിക് ആകാനുള്ള വലിയ സാധ്യതകളുണ്ട്. പലപ്പോഴും ഇവർ അതൊന്നും ശ്രദ്ധിക്കാറില്ല. ഒരു പാട്ട പെറുക്കിയെടുക്കുന്ന സമയത്ത് കൈയിൽ ചെറിയ മുറിവ് സംഭവിച്ചശേഷം  അടുത്ത വസ്തു എടുക്കുന്നതിനായി ഇവർ മലിന ജലത്തിലായിരിക്കും കൈയിടുന്നത്. മുറിവ് സെപ്റ്റിക് ആകാനുള്ള വലിയ സാഹചര്യങ്ങൾ അതുമൂലമുണ്ടാകും. ഇതുസംബന്ധിച്ച് ബോധവൽക്കരണമടക്കമുള്ള കാര്യങ്ങൾ അവർക്ക് ലഭ്യമാക്കണം. ഒരു ഫസ്റ്റ് എയ്ഡ് ബോക്സ്, സാനിറ്റൈസർ, ഡെറ്റോൾ, സോപ്പ് എന്നിവയെല്ലാം അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴിയും ആരോഗ്യ കേന്ദ്രങ്ങൾവഴിയും അവർക്ക് സൗജന്യമായി നൽകാനുള്ള സാഹചര്യംകൂടി ഗവൺമെന്റ് ഇതിന്റെ ഭാഗമായി കൊണ്ടുവരണം. ഇത്തരത്തിൽ പാഴ്വസ്തു ശേഖരണത്തൊഴിലാളികൾ അവരുടെ ജീവിതാവസ്ഥയിൽനിന്നും ഉയർന്നുവരുന്നതിന് സമൂഹവും സർക്കാരും അവരെ ചേർത്തുപിടിക്കണമെന്ന്

ഈയവസരത്തിൽ സർക്കാരിനോട് അഭ്യർഥിക്കുന്നു. ക്ഷേമനിധി രൂപീകരണത്തിൽ ഇന്ത്യയ്ക്കാകെ മാതൃകയായ സംസ്ഥാനമാണ് കേരളം. വിവിധ തൊഴിലാളികളെ ചേർത്തുപിടിക്കുന്നതിന് അവർക്കായി ക്ഷേമനിധികൾ രൂപീകരിച്ചുകൊണ്ട് സംസ്ഥാനം ഇന്ത്യയ്ക്കാകെ മാതൃകയാണ്. അത്തരമൊരു സംസ്ഥാനത്ത് അനേകംപേർ പാഴ്വസ്തു ശേഖരണത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നുവെന്നത് മുൻനിർത്തിക്കൊണ്ട് അവർക്കായി ഒരു ക്ഷേമനിധി രൂപീകരിച്ചുകൊണ്ട് ഈ ബില്ലിൽ ആവശ്യപ്പെട്ടിട്ടുള്ള കാര്യങ്ങൾ അംഗീകരിച്ച് അവരെ തൊഴിലാളികളായി അംഗീകരിക്കുന്ന സമൂഹമായി ഈ കേരളീയ സമൂഹം മാറണമെന്ന വിനീതമായ അഭ്യർഥന ഈ സഭയ്ക്ക് മുമ്പാകെ മുന്നോട്ടുവച്ചുകൊണ്ട് ഞാൻ ഈ ബില്ലിന്മേലുള്ള ചർച്ച അവസാനിപ്പിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എം. ബി. രാജേഷ്</u>): സർ, ബഹുമാന്യയായ അംഗം ഈ ബിൽ അവതരിപ്പിക്കുന്നതിനുള്ള ഉപക്ഷേപം അവതരിപ്പിച്ച ഘട്ടത്തിൽത്തന്നെ ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ഇതിനെ

എതിർത്തുകൊണ്ടുള്ള സർക്കാർ നിലപാട് വ്യക്തമാക്കിയിരുന്നതാണ്. അന്ന് അദ്ദേഹം വിശദീകരിച്ച കാരണങ്ങൾ കൊണ്ടുതന്നെ ഈ ബിൽ ഇപ്പോൾ പരിഗണിക്കാൻ കഴിയുന്നതല്ല. ബില്ലിനെ എതിർക്കുകയാണ്. ഇക്കാര്യത്തിൽ നേരത്തെയുള്ള സർക്കാർ നിലപാടുതന്നെ ആവർത്തിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീമതി സി. കെ. ആശ, അങ്ങയുടെ ഉപക്ഷേപം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീമതി സി. കെ. ആശ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീമതി സി. കെ. ആശ അവതരിപ്പിച്ച ഉപക്ഷേപം സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഓർഡർ....ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും സെപ്റ്റംബർ 29-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2025 സെപ്റ്റംബർ 29-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ ഉച്ചയ്ക്കുശേഷം 12.21-ന് പിരിഞ്ഞു.)

* * * * *